# നിങ്ങളുടെ പ്രതിയോഗിയെ അറിയുക

യുവജനങ്ങൾക്ക് സാത്താനെ ജയിക്കുവാൻ ഒരു മാർഗ്ഗദർശകഗ്രന്ഥം

**സാക് പുന്നൻ**

**Ningalude prathiyogiye ariyuka**
(Know your enemy) Malayalam
Zac Poonen©

ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടില്ല. കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക.

വിവർത്തനം: വർഗീസ് ഇട്ടിയവിരാ
കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

Zac Poonen, 16 Da Costa Square, Bangalore 560084,

## ഉള്ളടക്കം


| | | |
|---|---|---|
| | ഈ പുസ്തകവും നിങ്ങളും | 4 |
| 1 | സാത്താനെക്കുറിച്ചറിയേണ്ടതിന്റെ ആവശ്യം | 5 |
| 2 | സാത്താന്റെ ഉദ്ഭവം | 10 |
| 3 | സാത്താന്റെ വഞ്ചന | 17 |
| 4 | ദൈവം സാത്താനെ നശിപ്പിക്കാത്തതെന്തുകൊണ്ട്? | 26 |
| 5 | സാത്താന്റെ പ്രവർത്തന സമ്പ്രദായങ്ങൾ | 36 |
| 6 | സാത്താന്റെ പരാജയം | 48 |


## ഈ പുസ്തകവും നിങ്ങളും....

ചെറുപ്പക്കാരായ വിദ്യാർത്ഥികളുടെ ഒരു സമൂഹത്തിനു നൽകപ്പെട്ട സന്ദേശങ്ങളാണു ഈ പുസ്തകത്തിലെ ഉള്ളടക്കം. പ്രസ്തുത സന്ദേശങ്ങൾ അവ നൽകപ്പെട്ട രൂപത്തിൽ തന്നെ ഇവിടെ നിലനിറുത്തിയിരിക്കുന്നു.

ഈ കാലത്ത് ചെറുപ്പക്കാരാണു സാത്താന്റെ ആക്രമണത്തിനു ലക്ഷ്യമായിത്തീർന്നുകൊണ്ടിരിക്കുന്നത്. അശുദ്ധി, വിദ്വേഷം, അസൂയ, സ്വാർത്ഥമോഹം എന്നിവയാൽ ഇന്നത്തെ യുവജനങ്ങൾ ദൂഷിതരായിത്തീരണമെന്ന നിർബ്ബന്ധത്തോടെ സാത്താൻ എല്ലാ അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇവയൊന്നും ഫലിച്ചില്ലെങ്കിൽ നിഗളം, സ്വയനീതി, കാപട്യം എന്നിവ കൊണ്ടെങ്കിലും അവരെ തകർക്കുവാനാണ് അവന്റെ നീക്കം.

സാത്താന്റെ തന്ത്രങ്ങളെയും കൗശലങ്ങളെയും പറ്റി നാം അജ്ഞരായിരിക്കരുത്.

കാൽവറിയിൽ നമ്മുടെ കർത്താവായ യേശു സാത്താനെ തോൽപിച്ചു. അന്ധകാരശക്തികളുടെ മേൽ അവിടുന്നു നേടിയ ആ വിജയം നാം പ്രവർത്തിക്കുന്ന എല്ലാ രംഗങ്ങളിലും യഥാർത്ഥമാക്കിത്തീർക്കുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

ഈ കാര്യത്തിൽ നിങ്ങൾ തൽപരരെങ്കിൽ ഈ പുസ്തകം തുടർന്നു വായിക്കുക.

# അധ്യായം ഒന്ന്
# സാത്താനെക്കുറിച്ച് അറിയേണ്ടതിന്റെ ആവശ്യം

ചെറുപ്പക്കാരായ നിങ്ങളിൽ പലരും മുമ്പ് അറിഞ്ഞിട്ടില്ലാത്ത ചില ദൈവവചനസത്യങ്ങൾ നിങ്ങളോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ആത്മരക്ഷയെപ്പറ്റിയും യേശുക്രിസ്തു നമുക്കുവേണ്ടി എന്തു ചെയ്തുവെന്നതിനെപ്പറ്റിയും നിങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ മിക്ക പ്രസംഗകരും സാത്താനെപ്പറ്റി പ്രസംഗിക്കുവാൻ ഇഷ്ടപ്പെടാത്താതുകൊണ്ട് അവനെപ്പറ്റി വളരെയൊന്നും നിങ്ങൾ കേട്ടിരിക്കുവാനിടയില്ല.

"നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നതുപേലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു"എന്നിങ്ങനെ ദൈവവചനം (1പത്രോസ് 5;8) പറയുന്നതിനാൽ ഇതിനെപ്പറ്റി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

യുദ്ധത്തിലെ ഏറ്റവും പ്രധാനമായ പ്രമാണങ്ങളിലൊന്ന് നിങ്ങളുടെ ശത്രുവിനെ അറിയുക എന്നതാണ്. നിങ്ങൾ ഒരു യുദ്ധം ചെയ്തുകൊണ്ടിരിക്കയിൽ നിങ്ങളുടെ ശത്രുവിനെപ്പറ്റി ധാരാളം വിവരങ്ങൾ നിങ്ങൾക്ക് അറിവുണ്ടെങ്കിൽ ആ യുദ്ധം വളരെ അനായാസമായിത്തീരും. ശത്രുവിനെക്കുറിച്ചു വളരെക്കുറച്ചേ നിങ്ങൾക്ക് അറിവുള്ളുവെങ്കിൽ യുദ്ധം കൂടുതൽ ദുഷ്കരമായിരിക്കും.

മറ്റൊരു ദൃഷ്ടാന്തം പറയാം: നിങ്ങളുടെ പരീക്ഷയിൽ ചോദിക്കുവാൻ പോകുന്ന എല്ലാ ചോദ്യങ്ങളും നിങ്ങൾക്കു നേരത്തേതന്നെ അറിയാമെങ്കിൽ പരീക്ഷ നിങ്ങൾക്കു വളരെയധികം നിഷ്പ്രയാസമായിത്തീരും.

ക്രിസ്തീയജീവിതവും ഇതുപോലെതന്നെയാണ്. നിങ്ങൾക്ക് നിങ്ങളുടെ ശത്രുവിനെപ്പറ്റി അറിവുണ്ടെങ്കിൽ അയാളെ ജയിക്കുവാനും എല്ലാ പരീക്ഷയിലും പൂർണ്ണവിജയം പ്രാപിക്കുവാനും നിങ്ങൾക്കു കഴിയും.

തങ്ങളുടെ ജീവിതകാലം മുഴുവൻ യേശുവിനെ പിന്തുടരുവാൻ ശ്രമിച്ചു പാജയമടയുന്ന ഒട്ടധികം ക്രിസ്ത്യാനികളുണ്ട്. അതിന്റെ പ്രധാനമായ ഒരു കാരണം അവർക്കു തങ്ങളുടെ ശത്രുവിനെപ്പറ്റി ഒരറിവുമില്ലാത്തതാണെന്നു ഞാൻ കരുതുന്നു.

വൈദ്യശാസ്ത്രപഠനം പ്രധാനമാണെന്നു നമുക്കറിയാം. നമ്മുടെ തലമുറയിൽ ലക്ഷക്കണക്കിനാളുകൾക്കു വൈദ്യശാസ്ത്രം രോഗശാന്തി നൽകുകയും ധാരാളം പേരെ അകാലമരണത്തിൽനിന്നു വിടുവിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യശരീരത്തിന്റെ ശത്രുക്കളെക്കുറിച്ചും അവയുടെ ആക്രമണത്തെക്കുറിച്ചുമുള്ള എല്ലാ വിവരങ്ങളെപ്പറ്റിയും വൈദ്യശാസ്ത്രജ്ഞന്മാർ പഠനം നടത്തുകയാലാണു ഇത് സാധ്യമായിത്തീർന്നത്. ശരീരാരോഗ്യത്തിനു ശത്രുക്കളായ ബാക്ടീരിയാകളെയും വൈറസുകളെയും കുറിച്ചുള്ള വിദഗ്ധമായ പഠനത്തിലൂടെയാണ് മനുഷ്യരുടെ ആരോഗ്യനില ഉയരുവാനിടയായിട്ടുള്ളത്. ആരോഗ്യത്തിനു ശത്രുക്കളായ രോഗാണുക്കളെ നശിപ്പിക്കുവാനും അവയെ മനുഷ്യശരീരത്തിൽ നിന്നു നിർമ്മാർജ്ജനം ചെയ്യുവാനും ശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ ഭൗതികശരീരത്തിന്റെ കാര്യത്തിൽ യഥാർത്ഥമായിത്തീർന്നിട്ടുള്ള ഈ വസ്തുത നമ്മുടെ ആത്മാവിന്റെ കാര്യത്തിൽ കുറെക്കൂടെ വാസ്തവമാണ്. ആത്മാവിന്റെ ശത്രുവായ സാത്താനെ ആന്തരികമണ്ഡലത്തിൽനിന്നു പുറത്താക്കുകയും മനുഷ്യാത്മാവിനെ ദൈവത്തിനുവേണ്ടി വിശുദ്ധമായി സൂക്ഷിക്കുകയും ചെയ്യുന്നതിലേക്കു സാത്താനെക്കുറിച്ചും നാം പഠിക്കേണ്ടത് ആവശ്യം തന്നെ.

സാത്താനെപ്പറ്റി ധാരാളം കാര്യങ്ങൾ ബൈബിൾ നമുക്കു വെളിപ്പെടുത്തുന്നുണ്ട്. വാസ്തവം പറഞ്ഞാൽ, ദൈവം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചതിനെപ്പറ്റി പറഞ്ഞശേഷം അടുത്തതായി ബൈബിൾ പറയുന്നതു സാത്താനെക്കുറിച്ചാണ്. ആദാമും ഹവ്വയും ഏദെൻതോട്ടത്തിൽ എന്തുചെയ്തുവെന്നതിനെപ്പറ്റി ബൈബിൾ ഒന്നും പറയുന്നില്ല. എന്നാൽ അത് ഉടൻതന്നെ പറയുന്ന കാര്യം ഇതാണ്: സാത്താൻ ഏദെൻ തോട്ടത്തിൽ വരികയും പാപവും കുഴപ്പവും ഉണ്ടാക്കിത്തീർത്ത് ആദാമിനെയും ഹവ്വയെയും ദൈവത്തിൽനിന്ന് അകറ്റുകയും ചെയ്തു.

ഇന്നു ലോകത്തിലുള്ള എല്ലാ പാപത്തിന്റെയും അക്രമത്തിന്റെയും തിന്മയുടെയും മൂലകാരണം ഏദെൻതോട്ടത്തിലേക്കുള്ള സാത്താന്റെ പ്രവേശനമാണെന്ന് ഇതിൽനിന്നും നാം മനസ്സിലാക്കുന്നു (ഉൽപത്തി 3).

മനുഷ്യന്റെയും സ്ത്രീയുടെയും സൃഷ്ടിയെപ്പറ്റി സംസാരിച്ചശേഷം അടുത്തതായിത്തന്നെ സാത്താനെപ്പറ്റി ബൈബിൾ പറയുന്നത് എന്തുകൊണ്ടാണ്? നാം ജാഗ്രതയുള്ളവരായിത്തീരുമാറ് സാത്താനെപ്പറ്റി അറിയുന്നതിനുവേണ്ടിയാണത്. സാത്താൻ അലറുന്ന സിംഹമെന്നപോലെ ചുറ്റിനടക്കുന്നതായി നാം കണ്ടു. ഒരു സിംഹം കാഴ്ചബംഗ്ലാവിൽനിന്നു രക്ഷപെട്ടു നിങ്ങളുടെ പട്ടണത്തിലെ തെരുവീഥികളിലൂടെ ചുറ്റിത്തിരി

യുന്നതായി പത്രങ്ങളിൽ റിപ്പോർട്ടു വന്നാൽ പട്ടണത്തിന്റെ ഏതു ഭാഗത്താണ് ആ സിംഹമെന്നറിഞ്ഞ് ആ ഭാഗത്തു നിന്നും ഒഴിഞ്ഞു നിൽക്കുവാൻ ആ റിപ്പോർട്ട് നിങ്ങൾക്കൊരു സഹായമായിത്തീരുകയില്ലേ? അതുപോലെതന്നെ സാത്താൻ പ്രവർത്തനനിരതനായിരിക്കുന്ന ജീവിതമേഖലയേതാണെന്ന് അറിയുന്നപക്ഷം ആ അറിവു നിങ്ങളെ വളരെ പ്രശ്നങ്ങളിൽനിന്നു വിടുവിക്കുമെന്നതും തീർച്ച തന്നെ.

പല വിശ്വാസികൾക്കും കൂടെക്കൂടെ ധൈര്യം ക്ഷയിക്കയും നൈരാശ്യം ബാധിക്കുകയും ചെയ്യുന്ന കാലഘട്ടങ്ങളുണ്ട്. ഒരു കാര്യം നാം മനസ്സിലാക്കണം. ധൈര്യക്ഷയം ഒരിക്കലും ദൈവത്തിൽനിന്നല്ല വരുന്നത്. അതു വരുന്നത് എപ്പോഴും പിശാചിൽനിന്നുതന്നെയാണ്. അതുപോലെതന്നെ കലഹം, അക്രമം, വിദ്വേഷം, അസൂയ, പരദൂഷണം, പരാതിപറച്ചിൽ, പിറുപിറുപ്പ്, അധികാരത്തിനെതിരെയുള്ള മത്സരം തുടങ്ങിയ എല്ലാവിധ ദോഷങ്ങളും സാത്താനിൽനിന്നാണ് ഉദ്ഭവിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ഈ തിന്മകളെ ജയിക്കുന്നതിനു വേണ്ടി നമ്മുടെ ശത്രുവിനെക്കുറിച്ചു അറിവുണ്ടായിരിക്കേണ്ടത് ആവശ്യമത്രേ.

പുതിയ നിയമത്തിന്റെ ആദ്യപുറങ്ങളിലും നാം സാത്താനെപ്പറ്റി വായിക്കുന്നു. യേശു ജലത്തിൽ സ്നാനമേൽക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്തശേഷം സാത്താൻ ഒരു ഭൂമിയിൽവച്ച് അദ്ദേഹത്തെ എതിരിടുകയും പരീക്ഷിക്കുകയും ചെയ്തതായി നാം മനസ്സിലാക്കുന്നു.

സാത്താൻ യേശുവിനെ പരീക്ഷിച്ചതിനെപ്പറ്റിയുള്ള ഈ വിശദവിവരങ്ങൾ നമുക്കു നൽകിയിട്ടുള്ളത് എന്തിനുവേണ്ടിയാണ്? നമ്മുടെ ആത്മാക്കളുടെ ശത്രുവായ സാത്താന്റെ തന്ത്രങ്ങളെയും ശക്തിയെയും പറ്റി നാം അജ്ഞരായിരിക്കരുത്. അതിനുവേണ്ടിത്തന്നെ.

ചെറുപ്പക്കാർ സാത്താനെപ്പറ്റി അറിഞ്ഞിരിക്കേണ്ടത് സർവ്വ പ്രധാനമത്രേ. കാരണം ബൈബിൾ സാത്താനെക്കുറിച്ചു പഠിപ്പിക്കുന്ന കാര്യം നിങ്ങൾ ഒരിക്കൽ അറിഞ്ഞിരുന്നാൽ പിന്നീടു നിങ്ങൾ കരുതലുള്ളവരായിരിക്കും. മറ്റനേകമാളുകൾ സാത്താനെ ഭയപ്പെടുന്നതുപോലെ പിന്നീടു നിങ്ങൾ അവനെ ഭയപ്പെടേണ്ട ആവശ്യവും ഇല്ലാതായിത്തീരും.

സാത്താനെപ്പറ്റി ബൈബിൾ പഠിപ്പിക്കുന്നതെന്താണെന്നു അറിവില്ലാത്തതു മൂലം പലർക്കും അവനെപ്പറ്റി ഭയമാണ്. അവനെ കർത്താവായ യേശുക്രിസ്തു കാൽവറിയിൽ തോൽപിച്ചുവെന്ന വസ്തുത അവർക്കറിവില്ലാത്തതിനാൽ ആളുകൾ തങ്ങളുടെമേൽ മന്ത്രവാദവും ക്ഷുദ്രപ്രയോഗവും നടത്തുന്നതിനെ അവർ ഭയപ്പെടുന്നു. നമുക്കെല്ലാവർക്കും വേണ്ടി ക്രൂശിന്മേൽ യേശു ചെയ്തതു എന്താണെന്നു കാണുവാൻ ഒരിക്കൽ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുന്നപക്ഷം നിങ്ങൾ പിന്നീടൊരിക്കലും സാത്താനെ ഭയപ്പെടുകയില്ല.

യേശുക്രിസ്തു പ്രസംഗിച്ചിരുന്ന യഹൂദദേവാലയങ്ങളിൽ വച്ച് സാത്താൻ ചെയ്തിരുന്നതുപോലെ ചിലപ്പോൾ അവൻ പിശാച് ബാധിച്ച ആളുകളിലൂടെ ക്രിസ്തീയയോഗങ്ങൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കാറുണ്ട്. എന്നാൽ അതിന് അവനെ ഒരിക്കലും അനുവദിച്ചുകൂടാ. ഒരിക്കൽ ബാംഗ്ലൂരിലുള്ള ഞങ്ങളുടെ മീറ്റീംഗ്ഹാളിൽ നടന്നിരുന്ന ഒരു വേദഠനയോഗത്തിന്റെ മധ്യത്തിൽ അതു തടസ്സപ്പെടുത്തുവാൻവേണ്ടി പിശാചു ബാധിച്ച ഒരു മനുഷ്യൻ പാമ്പിഴയുന്നതുപോലെ ശ്രോതാക്കളുടെ മധ്യത്തിലൂടെ ഇഴഞ്ഞ് പ്രസംഗവേദിക്കു നേരേ വന്നു. യേശുവിന്റെ നാമത്തിൽ പിശാചിനെ ശാസിച്ചതോടെ അതിനാൽ ബാധിതനായ മനുഷ്യൻ അവിടെത്തന്നെ തറയിൽ ഉറക്കം ബാധിച്ചു നിശ്ചേഷ്ടനായിക്കിടന്നു. ബൈബിൾ പഠനം തീർന്ന് ഞങ്ങൾ എല്ലാവരും ആമേൻ പറഞ്ഞു കഴിഞ്ഞപ്പോൾ അയാൾ ഉണർന്നു. അപ്പോൾ ഞങ്ങൾ അയാളോടു സംസാരിച്ചു. സാത്താൻ തന്റെ ഏതെങ്കിലും ഏജന്റുമാരിലൂടെ ഇപ്രകാരം ബൈബിൾ പഠനത്തെ തടസ്സപ്പെടുത്തുവാൻ ഞങ്ങൾ അനുവദിച്ചിട്ടില്ല.

മറ്റൊരിക്കൽ വെളിമ്പ്രദേശത്തു നടത്തപ്പെട്ട ഒരു വലിയ പൊതുയോഗത്തിൽ വളരെ പ്രധാനമായ ഒരു കാര്യം ഞാൻ പറഞ്ഞുകൊണ്ടിരിക്കത്തന്നെ ഒരു മനുഷ്യൻ പെട്ടെന്നു പ്രസംഗവേദിയുടെ മുമ്പിൽ നൃത്തം ചെയ്യുവാനാരംഭിച്ചു. പരിഭാഷകനിലൂടെ അയാളോട് ഇരിക്കുവാൻ ഞാൻ ആവശ്യപ്പെട്ടപ്പോൾ അയാൾ എന്റെ അപേക്ഷ നിരസിച്ചു. അപ്പോൾ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അവനിലുള്ള ഭൂതത്തെ ശാസിച്ചു. അതോടെ അയാൾ അവിടെനിന്നു നീങ്ങുകയും പോയി ശാന്തമായി ഒരിടത്തു ഇരിക്കുകയും ചെയ്തു.

അതേ, യേശുവിന്റെ നാമത്തിൽ നാം ഭൂതങ്ങളോടു കൽപിക്കുമ്പോൾ അവ അതനുസരിക്കുവാൻ ബാധ്യസ്ഥരാണ്. കാരണം, അവയെല്ലാം കാൽവറിയിൽ യേശുവിനാൽ തോൽപിക്കപ്പെട്ടവയാണ്.

കാൽവറിയിലെ ക്രൂശിൽവച്ച് സാത്താനെ തോൽപിച്ച യേശു ക്രിസ്തുവിന്റെ ബലവത്തായ നാമത്തിന് വലിയ ശക്തിയുണ്ടെന്നും നാം അറിയുന്നത് വളരെ പ്രധാനമായ കാര്യമാണ്. നിങ്ങൾ ഒരിക്കലും സാത്താനെ ഭയപ്പെടേണ്ട ആവശ്യമില്ല. നിങ്ങളുടെ ഈ ശത്രുവിനെ നിങ്ങൾ അറിയാതിരിക്കുമ്പോഴാണ് അവൻ നിങ്ങളോട് ഏതെങ്കിലുമൊക്കെ ചെയ്തേക്കാമെന്ന ഭയം നിങ്ങൾക്കുണ്ടാകുന്നത്. എന്നാൽ നിങ്ങൾ യേശുവിനെ നിങ്ങളുടെ ജീവിതത്തിന്റെ മുഴുവൻ അധീശനായിരിക്കുവാൻ അനുവദിക്കുമെങ്കിൽ സാത്താനു നിങ്ങളെ തൊടുവാൻ സാധ്യമല്ല. എന്തെന്നാൽ യേശു ക്രൂശിൽവച്ച് അവനെ തോൽപിച്ചതോടെ സാത്താന്റെ ശക്തി സമ്പൂർണ്ണമായിത്തന്നെ അവനിൽനിന്നും നീക്കപ്പെട്ടു.

# അധ്യായം രണ്ട്
# സാത്താന്റെ ഉദ്ഭവം

ദൈവം നിത്യത മുതലേ ഉള്ളവനാണെന്നു നമുക്കെല്ലാമറിയാം. "ആദിയിൽ ദൈവം" എന്ന പ്രസ്താവനയോടെയാണ് ബൈബിൾ ആരംഭിക്കുന്നത് (ഉൽപത്തി 1:1). ബൈബിളിലെ ആദ്യത്തെ രണ്ടു വാക്കുകൾ ഇവയാണ്. നിത്യതയുടെ നീണ്ട യുഗങ്ങളെയാണു ഈ വാക്കുകൾ കുറിക്കുന്നത്. നമ്മുടെ മനസ്സുകൾക്കു ഗ്രഹിക്കുവാൻ പാടില്ലാത്തവണ്ണം അത്ര പ്രാചീനമാണ് ആ യുഗങ്ങൾ. എന്തെന്നാൽ കാലത്തെ മാത്രമേ നമ്മുടെ മനസ്സുകൾക്കു ഗ്രഹിക്കുവാൻ കഴിവുള്ളു. കാലം ആരംഭിക്കുന്നതിനു മുമ്പു തന്നെ ദൈവം ഉണ്ടായിരുന്നു.

എന്നാൽ കാലം ആരംഭിക്കുന്നതിനു മുമ്പു സാത്താൻ ഉണ്ടായിരുന്നില്ല. സാത്താൻ ഒരു സൃഷ്ടിയാണ്. എന്നാൽ ദൈവം ഒരു ദുഷ്ടസത്വത്തെ സൃഷ്ടിച്ചുവെന്ന് ഇതുകൊണ്ടർത്ഥമാകുന്നുണ്ടോ? ഇല്ല. അത് അസാധ്യമാണ്. തിന്മയുള്ള ഒന്നിനെയും ദൈവം ഒരിക്കലും സൃഷ്ടിക്കുന്നില്ല. താൻ സൃഷ്ടിക്കുന്നവയെല്ലാം പരിപൂർണ്ണമാണ്. ആദാം, ഹവ്വ എന്നിവർ പോലും ദൈവം അവരെ സൃഷ്ടിച്ചപ്പോൾ പരിപൂർണ്ണരായിരുന്നു. അന്ന് സാത്താന് ശോഭയുള്ളവൻ അഥവാ ലൂസിഫർ എന്നായിരുന്നു പേരി (യെശയ്യാവ് 14:12). ലൂസിഫർ എന്ന പേരിന് ഇപ്പോൾ ഒരു ദുരർത്ഥമാണുള്ളത്. എന്നാൽ അവൻ ആദ്യമായി സൃഷ്ടിക്കപ്പെട്ട ആ ആദിമകാലത്ത് അത് അപ്രകാരമല്ലായിരുന്നു.

ദൈവത്തിനു സ്തുതി പാടി ആരാധിക്കുന്ന കാര്യത്തിൽ ദൈവദൂതന്മാർക്കു നേതൃത്വം നൽകവാൻ ദൂതസംഘത്തലവനായിട്ടാണ് അവൻ സൃഷ്ടിക്കപ്പെട്ട സമയത്ത് ദൈവം അവന് പ്രകൃത്യതീതമായ പല കഴിവുകളും അധികാരങ്ങളും നൽകിയിരുന്നു. എന്നാൽ അതിനുശേഷം അവൻ പാപത്തിൽ വീഴുകയും സാത്താനായിത്തീരുകയും ചെയ്തു.

എങ്കിലും സാത്താന് ഇന്നും ആ ശക്തികൾ ഉണ്ട്. കാരണം, അവൻ വീണുപോയപ്പോൾ ദൈവം അവനിൽനിന്നും എടുത്തുകളഞ്ഞില്ല.

ദൈവം സാത്താനിൽനിന്നും ആ ശക്തികൾ എടുത്തുകളയാഞ്ഞതെന്തുകൊണ്ടെന്ന് നാം അദ്ഭുതപ്പെട്ടേക്കാം. കാരണമിതാണ്: ദൈവം താൻ നൽകുന്ന ദാനങ്ങളെ സാധാരണഗതിയിൽ ഒരിക്കലും തിരിച്ചെടുക്കുക പതിവില്ല. മനുഷ്യരായ നാം പോലും നാം മറ്റൊരാൾക്കു ദാനമായി നൽകിയ ഒരു വസ്തു, അയാൾ ഒരിക്കൽ നമുക്കെതിരായിത്തിരിഞ്ഞാൽപ്പോലും സാധാരണഗതിയിൽ തിരിച്ചെടുക്കാറില്ലല്ലോ.

സാത്താൻ മനുഷ്യർക്കു ദോഷം ചെയ്യുവാനായി തന്റെ ശക്തിയെ ഉപയോഗിക്കുന്നു. ഈ കാരണത്താലാണു അവനുമായി ബന്ധപ്പെടുന്ന വ്യക്തികൾക്ക് ക്ഷുദ്രപ്രയോഗത്തിലൂടെ പ്രകൃത്യതീതകാര്യങ്ങൾ ചെയ്യുവാൻ കഴിവു ലഭിക്കുന്നത്.

സാത്താനെക്കുറിച്ച് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "അരുണോദയപുത്രനായ ശുക്രാ, (അതായിരുന്നു അവന്റെ പേര് - ശോഭയുള്ളവൻ) നീ എങ്ങനെ ആകാശത്തുനിന്നു വീണു?" (യെശയ്യാവ് 14:12).

ദൂതസംഘത്തലവനെന്ന നിലയിൽ ലൂസിഫർ എപ്പോഴും ദൈവസന്നിധിയിലായിരുന്നു. അവൻ എങ്ങനെയാണ് വീണുപോയത്? അതിന്റെ കാരണം അടുത്ത രണ്ടു വാക്യങ്ങളിൽ നൽകിയിരിക്കുന്നു. " 'ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും... ഞാൻ അത്യുന്നതനോടു സമനാകും' എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്? എന്നാൽ നീ പാതാളത്തിലേക്ക് നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും" (യെശയ്യാവ് 14:13, 14).

ലൂസിഫർ മറ്റെല്ലാ ദൈവദൂതന്മാരെക്കാളും കൂടുതൽ ഉന്നതമായ വരങ്ങൾ ഉള്ളവനും കൂടുതൽ സൗന്ദര്യശാലിയും അധികം പ്രകൃത്യതീതശക്തികൾ പ്രാപിച്ചവനുമായിരുന്നു. അവൻ ദൈവാരാധനയിൽ ദൂതന്മാരെ നയിച്ചിരുന്നു. എന്നാൽ ഒടുവിൽ അവന്റെ ഹൃദയത്തിൽ നിഗളം കടന്നു. അപ്പോൾ അവൻ ഇപ്രകാരം ചിന്തിക്കുവാൻ തുടങ്ങി: "ഒരാൾ മാത്രമേ എന്നെക്കാൾ വലിയവനായിട്ടുള്ളു. ദൈവം തന്നെ. അവിടുത്തെ മേലും ഞാൻ ആധിപത്യം കരസ്ഥമാക്കും."

അവന്റെ ഹൃദയത്തിലേക്കു കടന്നുവന്ന ഭോഷത്തം നിറഞ്ഞ ഒരു ചിന്തയായിരുന്നു ഇത്. തന്റെ സ്രഷ്ടാവിന്നുപരിയായി അവന് എങ്ങനെ ഉയരുവാൻ കഴിയും? എന്നാൽ ഇതാണ് സാത്താന്റെ സ്വഭാവം, സമർത്ഥനെങ്കിലും താൻ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പല കാര്യങ്ങളിലും അവൻ ഭോഷത്തം നിറഞ്ഞവനാണ്. ലോകത്തിലുള്ള സമർത്ഥരായ പല ആളുകളും ആത്മീയമായി ഏറ്റവും ബുദ്ധിഹീനമായ ധാരാളം കാര്യങ്ങൾ ചെയ്യാറുണ്ട്. നാം സാത്താനെക്കുറിച്ച് അധികം മനസ്സിലാക്കുന്തോറും താൻ ചെയ്യുന്ന പല കാര്യങ്ങളിലും അവൻ എത്ര ഭോഷനാണെന്നു കാണുവാൻ നമുക്കു കഴിയും.

ദൈവം അവനെ ആക്കിയിരുന്ന സ്ഥാനത്തു തുടരുവാൻ സാത്താൻ സന്തുഷ്ടനായിരുന്നില്ല. എല്ലാവരും അവനെ ആരാധിക്കുന്ന ഒരു സ്ഥാനത്തേക്ക് ഉയരുവാന് അവൻ ആഗ്രഹിച്ചു! അവൻ അപ്രകാരം പറഞ്ഞില്ല. എങ്കിലും അവന്റെ ഹൃദയത്തിൽ ആ വിധമുള്ള ചിന്തകൾ കടന്നുകൂടി (വാക്യം 13).

എന്നാൽ ദൈവം നമ്മുടെ ഹൃദയങ്ങളെ കാണുന്നു. അവിടുന്ന് ലൂസിഫറിന്റെ ഹൃദയത്തെയും കണ്ടിരുന്നു. അവൻ ഉന്നം വയ്ക്കുന്നതെന്താണെന്നു ദൈവം കണ്ടു.

പരീക്ഷയും പാപവും തമ്മിൽ ഒരു വ്യത്യാസം ഉണ്ട്.

പരീക്ഷ ആദ്യമായി ഒരു ചിന്തയുടെ രൂപത്തിൽ ഹൃദയത്തിലേക്കു വരുന്നു. എന്നാൽ ആ ചിന്തയുമായി നാം അനുകൂലിക്കുന്ന സമയത്തു മാത്രമേ നാം പാപം ചെയ്യുന്നുള്ളൂ. നേരെമറിച്ച് ആ ചിന്തയെ നാം ഉടൻ തന്നെ നിരസിച്ചു കളയുമെങ്കിൽ നാം പാപം ചെയ്യുന്നില്ല (യാക്കോബ് 1:14,15).

ഉദാഹരണമായി മറ്റൊരു വ്യക്തിയെ ആളുകളുടെ ദൃഷ്ടിയിൽ അയാൾക്കുള്ള നിലയിൽനിന്നു വലിച്ചു താഴ്ത്തുവാനുള്ള ഒരു ദുഷ്ചിന്ത എപ്പോഴെങ്കിലും നിങ്ങൾക്കുണ്ടായിട്ടുണ്ടോ? അതുമൂലം നിങ്ങൾക്ക് അയാളെക്കാൾ മികച്ച ഒരുവനെന്ന സ്ഥാനം ലഭിക്കുന്നതിനുവേണ്ടിയാകാം ഈ ചിന്തയുണ്ടാകുന്നത്.

ഇപ്രകാരം ഒരു ചിന്തയുണ്ടായ ആദ്യത്തെ വ്യക്തി ആരാണെന്നു നിങ്ങൾക്കറിയാമോ? ലൂസിഫർ ആയിരുന്നു അത്. ആരെയാണ് അവൻ വലിച്ചുതാഴ്ത്തുവാനാഗ്രഹിച്ചത്? ദൂതന്മാരെയല്ല; കാരണം, അവർ അപ്പോൾ തന്നെ അവനെക്കാൾ താണവരായിരുന്നു. ദൈവത്തെ വലിച്ചു താഴ്ത്തുവാനാണ് അവൻ ആഗ്രഹിച്ചത്. മറ്റുള്ളവരെക്കാൾ ഉയർന്ന സ്ഥാനം പ്രാപിക്കുവാൻവേണ്ടി അവരെ വലിച്ചു താഴ്ത്തുകയെന്ന ചിന്ത - അതു സാത്താന്റെ മനോഭാവം തന്നെയാണ്.

നിങ്ങൾ നിങ്ങളുടെ ശത്രുവിനെ അറിയണമെന്നു ഞാൻ പറയുന്നതെന്തുകൊണ്ട്? കാരണം, ഇപ്രകാരമൊരു ചിന്ത നിങ്ങളുടെ മനസ്സിൽ പ്രവേശിക്കുമ്പോൾ നിങ്ങളുടെ ശത്രു നിങ്ങൾക്കുള്ളിൽ കടക്കുവാനാഗ്രഹിക്കുന്നുവെന്ന് നിങ്ങൾ ഗ്രഹിക്കണം. അപ്പോൾ അലറുന്ന സിംഹം നിങ്ങളെ വിഴുങ്ങുവാൻ കാത്തിരിക്കുകയാണ്.

ഏറ്റവും ഉന്നതനായ പ്രധാനദൂതന് പിശാചായി മാറുവാൻ അനേക വർഷങ്ങൾ വേണ്ടിവന്നില്ല. അതിന് ഒരൊറ്റനിമിഷം മാത്രമേ വേണ്ടിയിരുന്നുള്ളു. അവൻ ക്രമേണ പടിപടിയായി അധഃപതിക്കുകയല്ല ഉണ്ടായത്. യേശുക്രിസ്തു പറഞ്ഞിട്ടുള്ളതുപോലെ അവൻ ഒരു നിമിഷത്തിനുള്ളിൽ മിന്നൽപോലെ താഴോട്ടു വീണു പോകയാണു ചെയ്തത് (ലൂക്കോസ് 10:18). അവൻ ശോഭാപൂർണ്ണനായ ഒരു ദൂതനായിരുന്നതിന് തൊട്ടടുത്ത നിമിഷത്തിൽ തന്നെ ദൈവത്തെപ്പോലെയാകുവാനുള്ള ചിന്തയെ അവൻ ഹൃദയത്തിൽ താലോലിച്ചു. അപ്പോൾ പെട്ടെന്നു തന്നെ അവൻ പിശാചായി മാറുകയും ചെയ്തു.

ഒരു ദൈവദൂതന് ഒരു പിശാചായി മാറുവാൻ എത്ര സമയം വേണം? ഒരു സെക്കൻഡുപോലും വേണ്ടാ. ഒറ്റ നിമിഷം മാത്രം മതി. വാസ്തവത്തിൽ നന്മ നിറഞ്ഞവനായ ഒരു മനുഷ്യന് പിശാചിനെപ്പോലെയായി ത്തീരുവാൻ എത്ര സമയം വേണം? ഒരു നിമിഷം. അത്ര മാത്രം. ഈ കാര്യം നിങ്ങൾ ഓർത്തു കൊള്ളുക.

സാത്താന്റെ ഉദ്ഭവത്തെക്കുറിച്ച് നമ്മെ അറിയിക്കുന്ന മറ്റൊരു വേദഭാഗം യെഹെസ്ക്കേൽ 28-ാം അധ്യായമാണ്. അവിടെ സാത്താനെ സോർ രാജാവ് എന്നു വിളിച്ചിരിക്കുന്ന (വാക്യം 12). ഈ ലോകത്തിലെ ഭരണാധികാരികളുടെ പിന്നിൽ പൈശാചികശക്തികൾ ഉണ്ട്. ആ സമയത്ത് സാത്താൻ തന്നെയും സോർ രാജാവിന്റെ ഉള്ളിലായിരുന്നു. ആ മാനുഷികഭരണാധികാരിയുടെ ഉള്ളിൽ വസിച്ചിരുന്ന സാത്താനോട് ദൈവം ഈ ഭാഗത്തു സംസാരിക്കുന്നു.

സാത്താൻ ഏദെൻതോട്ടത്തിലായിരുന്ന സമയത്തെക്കുറിച്ചു ദൈവം അവനെ ഓർപ്പിക്കുന്നു (വാക്യം 13). ആദാമും ഹവ്വയും ഏദെൻ തോട്ടത്തിൽ വരുന്നതിനു മുമ്പ് ലൂസിഫർ അവിടെയായിരുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു. അവനെ സൃഷ്ടിച്ച നാൾ മുതൽ അവങ്കൽ നീതികേടു കണ്ടതു വരെ അവൻ നിഷ്കളങ്കനായിരുന്നുവെന്ന് യഹോവ സാത്താനെ ഓർപ്പിക്കുന്നു (വാക്യം 15-17).

പ്രാഥമികമായി അവന്റെ സൗന്ദര്യം നിമിത്തം ലൂസിഫറിന്റെ ഹൃദയം നിഗളിച്ചു. നിങ്ങൾ എപ്പോഴെങ്കിലും കണ്ണാടിയിൽ നോക്കുമ്പോൾ നിങ്ങൾ മറ്റുള്ളവരെ അപേക്ഷിച്ചു എത്ര സൗന്ദര്യമുള്ള വ്യക്തിയെന്നു കണ്ടിട്ട് നിങ്ങളുടെ ഹൃദയം നിഗളിക്കുന്നുണ്ടോ? സൂക്ഷിച്ചു കൊള്ളുക. ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ള നല്ല കാര്യങ്ങൾക്കായി അവിടുത്തെ സ്തുതിക്കുക. സൗന്ദര്യമുള്ള ഒരു മുഖം ഉണ്ടായിരിക്കുന്നതിൽ തെറ്റായിട്ടൊന്നുമില്ല. എന്നാൽ അതിനെപ്പറ്റി നിഗളം തോന്നുന്നതിൽ എല്ലാ ദോഷവും അടങ്ങിയിട്ടുണ്ടുതാനും. കാരണം, അപ്പോൾ നിങ്ങൾ സാത്താന് ഹൃദയവാതിൽ തുറന്നുകൊടുക്കുകയാണ്.

ലൂസിഫറിന്റെ നിഗളത്തിനു മറ്റൊരു കാരണം അവന്റെ സാമർത്ഥ്യമായിരുന്നു. എല്ലാ സൃഷ്ടികളിലും വച്ചേറ്റവും ബുദ്ധിശാലി സാത്താനാണ് എന്ന് നിങ്ങൾക്കറിയാമോ? ബുദ്ധിശാലിയായിരിക്കുന്നതിൽ തെറ്റൊന്നുമില്ല. നമ്മുടെ ബുദ്ധിശക്തി ദൈവമഹത്വത്തിനായിട്ടുപയോഗിക്കുവാൻ നമുക്കു സാധിക്കും. എന്നാൽ അതിനെപ്പറ്റി ദുരഭിമാനം തോന്നുവാൻ യാതൊരവകാശവും നമുക്കില്ല. ദൈവത്തെ സേവിക്കുന്നതിനുവേണ്ടി ഒരു ബുദ്ധിഹീനനായി നാം തീരണമെന്നില്ല. അതിനാൽ നിങ്ങളുടെ ബുദ്ധിശക്തിക്കുവേണ്ടി ദൈവത്തെ സ്തുതിക്കുക. നിങ്ങളുടെ സൗന്ദര്യത്തിനുവേണ്ടിയും അവിടുത്തെ സ്തുതിക്കുക. എന്നാൽ ഒരിക്കലെങ്കിലും ഇതിലൊന്നിനെപ്പറ്റിപ്പോലും നിങ്ങൾ നിഗളിക്കരുത്.

ലൂസിഫറിന്റെ നിഗളത്തിന്റെ മൂന്നാമത്തെ കാരണം അവന് എല്ലാ സൃഷ്ടികളിലും വച്ച് അത്യുന്നത സ്ഥാനമുണ്ടായിരുന്നു എന്നതാണ്. അവൻ നിഗളിക്കുവാനുണ്ടായിരുന്ന ഈ മൂന്നു കാരണങ്ങളും - സൗന്ദര്യം. ബുദ്ധിവൈഭവം, സ്ഥാനമഹത്വം എന്നിവ മൂന്നും - ദൈവത്തിന്റെ ദാനമാണെന്നു മനസ്സിലാക്കുന്നതിൽ അവൻ പരാജയപ്പെട്ടു. പല മനുഷ്യ വ്യക്തികളും പല ക്രിസ്ത്യാനികൾതന്നെയും മനസ്സിലാക്കാതിരിക്കുന്ന ഒരു കാര്യം അതാണ്. ആ കാരണത്താലാണ് സാത്താൻ അന്തിമമായി അവരെ നശിപ്പിക്കുവാനിടയാകുമാറ് അവരുടെ ജീവതത്തിൽ അവന് ഒരു ചവിട്ടുപടി ലഭിക്കുന്നത്.

ഇപ്രകാരം ലോകത്തിലുള്ള സകല പാപവും നിഗളത്തിൽ നിന്നാണുദ്ഭവിച്ചതെന്ന് -അതേ, കൊലപാതകത്തിൽ നിന്നോ വ്യഭിചാരത്തിൽ നിന്നോ അല്ല, നിഗളത്തിൽ നിന്നുതന്നെയാണുദ്ഭവിച്ചതെന്ന് - നാം കാണുന്നു. ആ കാരണത്താലാണ് യേശുവിന്റെ സ്വയം വിനയപ്പെടുത്തലിലൂടെ രക്ഷ വരുവാനിടയായത്.

സാത്താന്റെ എല്ലാ തന്ത്രങ്ങളിൽനിന്നും കൗശലങ്ങളിൽനിന്നുമുള്ള വിടുതലിന്റെ മാർഗ്ഗം വിനയത്തിന്റെ മാർഗ്ഗം തന്നെയാണ്.

ജീവിതത്തിൽ ഒരാൾക്കു ലഭിച്ചിട്ടുള്ള ഭാഗധേയത്തെപ്പറ്റി അതൃപ്തി തോന്നുവാനുള്ള കാരണവും ലൂസിഫറിലൂടെ നാം മനസ്സിലാക്കുന്നു. ദൈവത്തിന്റെ വീക്ഷണകോണത്തിലൂടെ നാം ഈ ലോകത്തെ നോക്കുന്ന പക്ഷം അതൃപ്തി, പാരതി, പിറുപിറുപ്പ് ഇവയുള്ള മനുഷ്യരാൽ ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നതായി നമുക്കു കാണുവാൻ കഴിയും. ഈയൊരു മനോഭാവം സാത്താനിൽനിന്നാണു അവർക്കെല്ലാം ലഭിച്ചിട്ടുള്ളത്.

ലൂസിഫറിൽനിന്നുദ്ഭവിച്ച മറ്റൊരു കാര്യം അധികാരത്തിനെതിരായ മത്സരമാണ്. ലൂസിഫറിന് ഉപരായായി ഒരൊറ്റ അധികാരമേ ഉണ്ടായിരുന്നുള്ളു. അതു ദൈവത്തിന്റെ അധികാരമായിരുന്നു. അതിനെതിരെ അവൻ മത്സരിച്ചു. തനിക്ക് ആ അധികാരത്തിനുപരിചെന്നെത്തണമെന്ന് അവൻ ആഗ്രഹിക്കുകയും ദൈവത്തെ വലിച്ചുതാഴ്ത്തുവാൻ അവൻ ശ്രമിക്കുകയും ചെയ്തു.

ഈ മനോഭാവം നാം മനുഷ്യവർഗ്ഗത്തിൽ കാണുന്നുണ്ടോ? വിവിധ രാജ്യങ്ങളിൽ വിപ്ലവത്തിനു വഴിയൊരുക്കിയിട്ടുള്ളതും വ്യവസായശാലകളിൽ പണിമുടക്കുകൾക്കു ഇടവരുത്തുന്നതും അധികാരത്തിനെതിരേയുള്ള മാത്സര്യമാണ്. ഇക്കാലത്ത് ഈ മനോഭാവം വിദ്യാർത്ഥികളിൽപ്പോലും നാം കാണുന്നു. കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മാത്രമല്ല, സ്കൂൾ വിദ്യാർത്ഥികളിലും, എന്നുവേണ്ടാ, ഒരു ഭവനത്തിലെ കൊച്ചുകുട്ടികളിൽപ്പോലും ഇതു നാം കാണുന്നുണ്ട്.

ലോകം അധഃപതിച്ചുകൊണ്ടിരിക്കുന്നുവെന്നതിന്റെ ഒരു സുനിശ്ചിതലക്ഷണമാണിത്. അധ്യാപകരോടും മാതാപിതാക്കളോടും സഭയിലെ മൂപ്പന്മാരോടു പോലുമുള്ള അനാദരവ് ഇന്ന് എല്ലാ സ്ഥലങ്ങളിലും പൊതുവേ കാണപ്പെടുന്നുണ്ട്.

ദൂതന്മാരിൽ അത്യുത്തമനയാവനെ ഒരു പിശാചായി മാറ്റിയത് ഈ മനോഭാവമാണെന്ന കാര്യം നാം മറക്കരുത്. സൽസ്വഭാവിയായ ഒരു ആൺകുട്ടിയെയോ പെൺകുട്ടിയെയോ ഒരു പിശാചായി മാറ്റുവാൻ അതിനു കഴിയും.

ദൈവം ആരെയും ദുഷ്ടനാക്കിത്തീർക്കുന്നില്ല. നാം സാത്താന്റെ മനോഭാവത്തിനു നമ്മെ വിധേയരാക്കുമ്പോൾ മാത്രമാണ് നാം നമ്മെത്തന്നെ ദുഷ്ടരാക്കിത്തീർക്കുന്നത്.

അവസാനമായി ഒരു സ്വഭാവഘടകം ശ്രദ്ധിക്കുക. ലൂസിഫർ വീണപ്പോൾ അവൻ തനിയേയല്ല വീണത്. അവനു കൂട്ടുകാരുണ്ടായിരുന്നു. അവൻ തന്നോടൊപ്പം ദൂതന്മാരിൽ മൂന്നിലൊരു ഭാഗത്തെക്കൂടി വലിച്ചു താഴ്ത്തിയതായി വെളിപ്പാടു 12:4-ൽ നാം വായിക്കുന്നു. അവരും അവന്റെ നിഗളം, അതൃപ്തി, മത്സരം എന്നീ മനോഭാവങ്ങളിൽ അവനോടു ചേരുകയാണുണ്ടായത്.

ഇന്നും നില ഇതു തന്നെ. ഒരു വ്യക്തി ദുഷ്ടനായി മാറുമ്പോൾ താൻ മാത്രമായി ദുഷ്ടതയിൽ കഴിയുന്നതിൽ അയാൾ സംതൃപ്തനല്ല. തന്റെ ദുരിതത്തിലേക്കും തിന്മയിലേക്കും മറ്റുള്ളവരെയും കൂടി വലിച്ചുതാഴ്ത്തുവാൻ അയാൾ ആഗ്രഹിക്കുന്നു. ഒരാളിൽ രൂപമെടുക്കുന്ന ഒരു കയ്പ്പുള്ള വേര് മറ്റനേകം പേരെയുംകൂടെ, അവർ ജാഗ്രതയുള്ളവരല്ലെങ്കിൽ, മലിനരാക്കുവാൻ സാധ്യതയുണ്ട് (എബ്രായർ 12:15).

# അധ്യായം മൂന്ന്
# സാത്താന്റെ വഞ്ചന

ഉൽപത്തി മൂന്നാമധ്യായത്തിൽ സാത്താന്റെ ആക്രമണസമ്പ്രദായം എങ്ങനെയുള്ളതെന്നു നമുക്കു കാണാൻ കഴിയും. ദൈവം സൃഷ്ടിച്ച എല്ലാ ജന്തുക്കളിലുംവച്ച് ഏറ്റവും കൗശലമുള്ളതായിരുന്നു പാമ്പെന്ന് അവിടെപ്പറയുന്നു. സാത്താൻ പാമ്പിന്റെ ഉള്ളിൽക്കടന്നു (ഗദരദേശത്തെ ഭൂതഗ്രസ്തനിൽനിന്നു യേശു ഭൂതങ്ങളെ പുറത്താക്കിയപ്പോൾ അവ പന്നികളിൽ കടന്നതുപോലെ). സാത്താൻ പാമ്പിൽക്കൂടി ഹവ്വയോടു സംസാരിച്ചു. അവൻ ഇപ്രകാരം ചോദിച്ചു: "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?" ദൈവം സത്യമായും കല്പിച്ചതെന്തെന്നു ഹവ്വ പറഞ്ഞതുകേട്ട് സാത്താൻ ദൈവവചനത്തെ നിഷേധിച്ചുകൊണ്ടു "നിങ്ങൾ മരിക്കയില്ല, നിശ്ചയം" എന്നു ഉത്തരം പറഞ്ഞു.

സാത്താൻ വരുന്നതെങ്ങനെയെന്നു നോക്കുക. ആദ്യം തന്നെ അവൻ ദൈവവചനത്തെ ചോദ്യം ചെയ്യുന്നു.

നമ്മുടെ അടുക്കലേക്കു അവൻ വരുന്നതും ഇങ്ങനെ തന്നെ. "നിങ്ങൾ അതു ചെയ്യരുതെന്ന് ദൈവം വാസ്തവമായിട്ടും കല്പിച്ചിട്ടുണ്ടോ?" അവൻ ചോദിക്കുന്നു. "അതു ചെയ്യുന്നതിൽ എന്താണു തെറ്റ്? ഈ വേദപുസ്തകകല്പനകൾ പഴഞ്ചനാണ്. പൗലോസ് ജീവിച്ചിരുന്ന കാലത്തിനും സംസ്കാരത്തിനും വേണ്ടി എഴുതപ്പെട്ടതാണവ. ഇന്ന് ഈ ഇരുപതാം നൂറ്റാണ്ടിൽ ആക്ഷരികമായി നാം അനുസരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല അതൊന്നും".

യുവജനങ്ങളും പ്രയാമായവരും കൂടെക്കൂടെ ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നതായി നാം കാണുന്നു. അപ്പോൾ തങ്ങൾ സാത്താന്റെ വക്താക്കളായിത്തീരുകയാണെന്നു അവർ മനസ്സിലാക്കുന്നില്ല. എന്തോ തക

രാറുണ്ടെന്ന് അവരുടെ മനസ്സാക്ഷി അവരോടു പറയുമ്പോൾ പോലും അവർ തങ്ങളുടെ യുക്തിബോധം ഉപയോഗിക്കയും ദൈവം വിലക്കിയ കാര്യങ്ങളെപ്പററി സംശയം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ദൈവവചനം നമ്മോട് ഏതെങ്കിലുമൊന്ന് കല്പിക്കുകയും ചിലതിനെ വിലക്കുകയും ചെയ്യുമ്പോൾ അതു ചെയ്യുവാൻ ദൈവത്തിനു തക്കതായൊരു കാരണമുണ്ടെന്നു നമുക്കു തീർച്ചയാക്കാം. എന്നാൽ ദൈവം അതു അപ്രകാരം ഉദ്ദേശിച്ചുവോ എന്നു ചോദ്യം ചെയ്യുവാൻ സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നു.

ദൈവവചനത്തെ ചോദ്യം ചെയ്വാൻ നമ്മെ പ്രേരിപ്പിക്കുന്നതിലൂടെ സാത്താന്റെ അന്തിമലക്ഷ്യം എന്താണ്? ഹവ്വയുടെ കാര്യത്തിൽ അവന്റെ ലക്ഷ്യം എന്തായിരുന്നുവോ അതു തന്നെ. നമ്മെ ദൈവത്തിൽ നിന്നകററുക,ആദാമിനെയും ഹവ്വയെയും തന്റെ സന്നിധിയിൽനിന്നു ദൈവം പുറത്താക്കിയതുപോലെ നമ്മെ തള്ളിക്കളയുവാനും പുറത്താക്കുവാനും ദൈവത്തെ നിർബന്ധിക്കുക-ഇതാണ് അവന്റെ ലക്ഷ്യം.

സാത്താൻ ഒരു മോഷ്ടാവാണെന്ന് ഒരിക്കൽ യേശു പറഞ്ഞു. സാത്താൻ പണം മോഷ്ടിക്കുന്നില്ല. കാരണം, പണത്തിനു ശാശ്വതമായൊരു വിലയില്ലെന്ന് അവനറിയാം. ശാശ്വതമായ വിലയുള്ളതിനെ മാത്രമേ സാത്താൻ മോഷ്ടിക്കുകയുള്ളൂ. പ്രാഥമികമായും മനുഷ്യരുടെ ആത്മാക്കളെത്തന്നെ. യേശു തുടർന്നു പറഞ്ഞു: സാത്താൻ മോഷ്ടിച്ചതിനുശേഷം അവൻ അതെല്ലാം അറുക്കുകയും മുടിക്കുകുയം കൂടെച്ചെയ്യുന്നു (യോഹന്നാൻ 10:10). ഇതുമായി താരതമ്യം ചെയ്തു കൊണ്ട് നമുക്കു സമൃദ്ധമായ ജീവൻ നൽകുവാനാണ് താൻ വന്നിട്ടുള്ളതെന്ന് യേശു പറഞ്ഞു.

550 കോടി ജനങ്ങളുള്ള ഒരു ലോകത്തിൽ തൊണ്ണൂറുശതമാനത്തിലധികം ആളുകളും യേശുക്രിസ്തുവിനെയും ദൈവവചനത്തെയും വിശ്വസിക്കാതെ സാത്താന്റെ വ്യാജത്തെയാണു വിശ്വസിക്കുന്നത്. ഇതാണ് അവരുടെ തിരഞ്ഞെടുപ്പെന്ന കാര്യം ആശ്ചര്യകരമല്ലേ? ഈ രംഗത്തു ദൈവവചനത്തോട് അനുസരണക്കേടു കാണിക്കുന്നത് ഗൗരവമുള്ള ഒരു കാര്യമല്ലെന്നു ജനങ്ങളെ വിശ്വസിപ്പിക്കുന്നതിൽ സാത്താൻ എത്ര അദ്ഭുതകരമായ ഒരു പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്നു നമുക്കു കാണാൻ കഴിയും.

ആളുകൾ ആദ്യമായി മദ്യപാനം ചെയ്യുമ്പോൾ, ആദ്യത്തെ സിഗരറ്റു വലിക്കുമ്പോൾ, അഥവാ ഹെറോയിൻ പോലെയോ കൊക്കൊയിൻ പോലെയോ ഉള്ള ലഹരിമരുന്ന് ഉപയോഗിക്കുമ്പോൾ ഇതു ഭൂമിയിൽവച്ച് അവരുടെ ശരീരമനസ്സുകളെ നശിപ്പിക്കുമെന്നും അന്തിമമായി നിത്യതയിൽ അവരെ നരകത്തിലാക്കുമെന്നും സാത്താൻ അവർക്കു താക്കീതു നൽകുമെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഇല്ല. അവൻ ഒരിക്കലും സത്യം പറയുകയില്ല. കാരണം, കേൾക്കുവാൻ അരോചകമായ ഒന്നാണു സത്യം. അതിനുപകരം, "ഇതൊന്നു പരീക്ഷിച്ചു നോക്കൂ. ഇതു നിങ്ങൾക്കൊരു രസം പ്രദാനം ചെയ്യും" എന്നായിരിക്കും അവൻ പറയുന്നത്. ഹവ്വയോട് അവൻ പറഞ്ഞതും അതു തന്നെ.

ഈ വിധത്തിലാണ് ലോകത്തിലൂടനീളം ലക്ഷക്കണക്കിനു യുവജനങ്ങളെ സാത്താൻ വഞ്ചിച്ചുകൊണ്ടിരിക്കുന്നത്. ദുർന്നടപ്പോ മറ്റുള്ളവരുടെ വസ്തുവകകൾ മോഷ്ടിക്കുകയോ ആണെങ്കിൽപ്പോലും സാത്താൻ പറയും, "ഇതിലെന്താണു തെറ്റ്? പത്തൊൻപതാം ശതാബ്ദത്തിലെ കാലഹരണപ്പെട്ട ആശയങ്ങൾ നിങ്ങളെ നയിക്കരുത്". നിങ്ങളുടെ മനസ്സിൽ സാത്താൻ പതിപ്പിക്കുന്ന ഇത്തരം ചിന്തകളെപ്പറ്റി ശ്രദ്ധാലുക്കളായിരിക്കുക. അവന്റെ അന്തിമലക്ഷ്യം നിങ്ങളെ നശിപ്പിക്കുകയാണ്.

ആ വൃക്ഷഫലം തിന്മാൻ നല്ലതെന്നു ഹവ്വ കണ്ടയുടൻ തന്നെ അവളുടെ ശരീരം അതിന്റെ അടുക്കലേക്കു ആകർഷിക്കപ്പെട്ടതായി ഉൽപത്തി 3:6-ൽ നാം കാണുന്നു. ഈ വിലക്കപ്പെട്ട കനിക്കു സമാനമായ പല വസ്തുക്കളും 20-ാം നൂറ്റാണ്ടിൽ നാം കാണുന്നു. ദൈവം വിലക്കിയിട്ടുള്ള പല കാര്യങ്ങളിലേക്കും നമ്മുടെ ശരീരം ആകർഷിക്കപ്പെടുന്നതായി നാം കാണുന്നു.

ആ വിലക്കപ്പെട്ട വൃക്ഷം തന്റെ കണ്ണുകൾക്കൊരു പ്രമോദമായിത്തീർന്നതായി ഹവ്വാ കണ്ടതായും ദൈവവചനം തുടർന്നു പറയുന്നു. നോക്കരുതെന്നു ദൈവം കൽപിച്ചിട്ടുള്ള പല കാര്യങ്ങളും നമ്മുടെ കണ്ണുകൾക്ക് ആകർഷകമാകുന്നതായി നാമും കാണുന്നുണ്ട്.

ആ കനി തന്റെ ചിന്താഗതികൾക്കും അനുയോജ്യമാണെന്ന് (ജ്ഞാനം പ്രാപിപ്പാൻ കാമ്യം) ഹവ്വാ കണ്ടതായി ബൈബിൾ തുടർന്നു പ്രസ്താവിക്കുന്നു. നമ്മുടെ മനസ്സുകളുടെ ഗതിയും ഇതേവിധത്തിൽ തന്നെയാണ്. തെറ്റെന്നു നിങ്ങളുടെ മനസ്സാക്ഷി പറയുന്ന ചില കാര്യങ്ങളിലേക്കു നിങ്ങളുടെ ശരീരം ആകർഷിക്കപ്പെടുമ്പോൾ സൂക്ഷിച്ചുകൊള്ളുക.

താൻ ചെയ്യാൻപോകുന്ന കാര്യം തെറ്റാണെന്ന് ഹവ്വയുടെ മനസ്സാക്ഷി ആ സമയത്തു വ്യക്തമായി അവളോടു പറഞ്ഞിരിക്കുമെന്ന് എനിക്കുറപ്പുണ്ട്. ആ ഫലം തിന്നരുതെന്നു ദൈവം കല്പിച്ചിരുനന കാര്യം അവൾ വ്യക്തമായും ധരിച്ചിരുന്നു. എങ്കിലും എന്താണവൾ ചെയ്തത്? തന്റെ ശരീരവും മനസ്സും ആ ഫലം കാംക്ഷിച്ചതുമൂലം അതു തിന്നുന്നതിൽ തെറ്റൊന്നുമില്ലെന്ന് അവൾ തന്നെത്തന്നെ സാമാധനപ്പെടുത്തി. തന്മൂലം തന്റെ മനസ്സാക്ഷിക്കു വിപരീതമായി അവൾ മുന്നോട്ടു നീങ്ങുകയും ആ വൃക്ഷഫലം തിന്നുകയും ചെയ്തു.

ഹവ്വയെക്കൊണ്ടു പാപം ചെയ്യിച്ചിട്ടു സാത്താനു എന്തു നേട്ടമുണ്ടായി? അനേകവർഷങ്ങൾക്കുമുമ്പ് അവൻ തന്നെയും ദൈവസന്നിധിയിൽനിന്നു വീണുപോയി. താൻ ദുഷിച്ചവനായിത്തീർന്നതോടെ മറ്റുള്ളവരെയും ദുഷിപ്പിക്കുവാൻ അവൻ തീരുമാനിച്ചു. മനുഷ്യവർഗ്ഗത്തിന്റെ കാര്യത്തിലും ഇപ്പോൾ അങ്ങനെ തന്നെയാണ്. ഒരു വ്യക്തി ഒരു തിന്മ ചെയ്യുമ്പോൾ താൻ ചെയ്ത തിന്മയിൽ തനിച്ചായിരിക്കുവാൻ അയാൾ ആഗ്രഹിക്കുന്നില്ല. മറ്റുള്ളവരും അതേ തിന്മ ചെയ്യണമെന്നു അവൻ ആഗ്രഹിക്കുന്നു.

ചെറുപ്പക്കാരായ നിങ്ങളെല്ലാവരും സദൃശ്യവാക്യങ്ങളുടെ പുസ്തകം വായിക്കണമെന്നു നിങ്ങളെ ഉത്സാ

ഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പുസ്തകത്തിനു ഒട്ടനേകം വീഴ്ചകളിൽനിന്നു നിങ്ങളെ സൂക്ഷിക്കുവാൻ കഴിയും. സദൃശ്യവാക്യങ്ങൾ 1:10-ൽ ഇപ്രകാരം പറയുന്നു: "മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ വഴിപ്പെട്ടു പോകരുത്".

സാത്താൻ ദുഷ്ടനായിത്തീർന്നു. ഹവ്വയെയും തന്നോടൊപ്പം ദുഷ്ടയായിത്തീരുമാറ് തിന്മയിലേക്കു വലിച്ചുതാഴ്ത്തുവാൻ അവൻ ആഗ്രഹിച്ചു. അനന്തരം ഹവ്വ ആ ദുഷ്ടമനോഭാവം ബാധിച്ചവളായപ്പോൾ തന്റെ ഭർത്താവിനെയും തന്നോടൊപ്പം വലിച്ചുതാഴ്ത്തുവാനായി അവളുടെ ഉദ്യമം. തന്മൂലം അവൾ മറ്റൊരു ഫലം പറിച്ചു തന്റെ ഭർത്താവിനും കൊടുത്തു.

ശതാബ്ദങ്ങളായി ലോകത്തിൽ തിന്മ പെരുകിക്കൊണ്ടിരിക്കുന്നത് ഈ വിധത്തിലാണ്. ഒരു മനുഷ്യൻ ദുഷിക്കുന്നു. അതോടെ അവൻ മറ്റുള്ളവരെയും തന്നോടൊപ്പം താഴ്ത്തുവാൻ ആഗ്രഹിക്കുന്നു.

ഈ കാരണത്താലാണു നാം എപ്പോഴും ജാഗ്രതയുള്ളവരായിരിക്കേണ്ടത്. സാത്താൻ എപ്പോഴും അലറുന്ന സിംഹം എന്നപോലെയാണ് വരുന്നതെങ്കിൽ നാം അവനെ എളുപ്പത്തിൽ തിരിച്ചറിയുമായിരുന്നു. എന്നാൽ എപ്പോഴും അവൻ അപ്രകാരമല്ല വരുന്നത്. ചിലപ്പോൾ അവൻ വളരെ പ്രിയങ്കരനും സുന്ദരനുമായ ഒരു വെളിച്ചദൂതനെപ്പോലെയാണ് വരുന്നത് (2 കൊരിന്ത്യർ 11:14). അപ്പോഴാണ് നാം വാസ്തവത്തിൽ കരുതലുള്ളവരായിരിക്കേണ്ടത്.

യേശു താൻ കഷ്ടമനുഭവിക്കയും ക്രൂശിൽ മരിക്കയും ചെയ്യുമെന്നു ശിഷ്യന്മാരെ അറിയിച്ച സന്ദർഭമോർക്കുക. അപ്പോൾ പത്രോസ് പറഞ്ഞു: "പാടില്ല, കർത്താവേ; അങ്ങേയ്ക്കു ഒരിക്കലും അപ്രകാരം ഭവിക്കരുത്". എന്നാൽ യേശു ഉടൻതന്നെ "സാത്താനെ, എന്നെ വിട്ടു പോ" എന്നു പറഞ്ഞു പത്രോസിനെ ശാസിച്ചു (മത്തായി 16;23). ക്രൂശുമരണത്തെ ഒഴിവാക്കുവാനുള്ള നിർദ്ദേശം, അതു പത്രോസിൽ നിന്നായിരുവെങ്കിൽപ്പോലും, സാത്താന്റെ ശബ്ദമായിരുന്നുവെന്ന് അവിടുന്ന് മനസിലാക്കി.

താൻ ക്രൂശുമരണത്തെ അഭിമുഖീകരിക്കേണ്ടതാവശ്യമാണെന്ന് യേശുവിന് അറിയാമായിരുന്നു. കാരണം, മനുഷ്യന്റെ പാപങ്ങൾക്കു മോചനം ലഭിക്കുവാനുള്ള മാർഗ്ഗം അതു മാത്രമായിരുന്നു. പത്രോസിനു അത് അറിവുണ്ടായിരുന്നില്ല. പത്രോസിന്റെ ഉദ്ദേശ്യം ശുദ്ധമായിരുന്നു; എങ്കിലും ആ സമയത്തു ക്രൂശുമരണം അഭിമുഖികരിക്കുന്നതിൽനിന്നും അവിടുത്തെ തടയുവാനായി തന്നിൽക്കൂടി സംസാരിക്കുന്നതു സാത്താനാണെന്ന് അദ്ദേഹം മനസ്സിലാക്കിയില്ല. അതേ, സാത്താന് ഒരു ഉറ്റസ്നേഹിതനിൽക്കൂടെയും നമ്മുടെ അടുത്തു വരികയും മാനുഷികമായി ദയാപൂർണ്ണവും നല്ലതുമെന്നു തോന്നുന്ന ഒരു കാര്യം നമ്മോടു നിർദ്ദേശിക്കുകയും ചെയ്‌വാൻ കഴിയും. അതിനാൽ നാം എല്ലാ സമയത്തും ജാഗ്രതയുള്ളവരായിരിക്കണം.

നാമെല്ലാവരും ആഗ്രഹിക്കേണ്ട ഒരു കാര്യം ഗ്രഹണസൂക്ഷ്മതയുള്ള (സംവേദനക്ഷമമായ - sensitive) ഒരു മനസ്സാക്ഷിയാണ്. നാമൊരു ചെറിയ തെറ്റ് ചെയ്യുമ്പോൾ പോലും നമ്മോട് ഉച്ചത്തിൽ സംസാരിക്കുന്ന ഒരു മനസ്സാക്ഷി തന്നെ.

ഒരു ശിശുവിന്റെ പാദങ്ങളുടെ അടിവശം നോക്കുക. അത് എത്ര മൃദുവും കോമളവുമായിരിക്കുന്നു! അതിനെ നമ്മുടെ തന്നെ പാദങ്ങളുടെ അടിവശവുമായി താരതമ്യപ്പെടുത്തി നോക്കുക. എന്തൊരു വ്യത്യാസം! നിങ്ങളുടെ ഉള്ളംകാൽ വളരെ കഠിനമായിത്തീർന്നിരിക്കുന്നു. നിങ്ങളുടെ മനസ്സാക്ഷിയുടെ അവസ്ഥയും ഇതുപോലെതന്നെയാവാം.

നിങ്ങൾ ജനിച്ച സമയത്ത് നിങ്ങൾക്ക് ഒരു ശിശുവിന്റെ മൃദുവായ ഉള്ളംകാൽപോലെ സംവേദനക്ഷമമായ (sensitive) ഒരു മനസ്സാക്ഷിയുണ്ടായിരുന്നു. നിങ്ങൾ ചെയ്ത ഏതു ചെറിയ തെറ്റിനെപ്പറ്റിയും ആ മനസ്സാക്ഷിക്കു ബോധ്യമുണ്ടാകുമായിരുന്നു. എന്നാൽ നിങ്ങൾ വളർന്നു വന്നപ്പോൾ നിങ്ങൾ മാതാപിതാക്കളോടു വ്യാജം പറയുവാനും അവരെ വഞ്ചിക്കുവാനും സാധനങ്ങൾ മോഷ്ടിക്കുവാനും മറ്റുള്ളവരെ പല പ്രകാരത്തിൽ വേദനിപ്പിക്കുവാനും പരീക്ഷയിൽ കള്ളം കാണിക്കുവാനും മാതാപിതാക്കളോടു മറുതലിക്കുവാനും മറ്റും മറ്റും ആരംഭിച്ചു. അങ്ങനെ നിങ്ങൾ സ്വന്തം മനസ്സാക്ഷിയെ അവഗണിക്കുകയും ദുഷിപ്പിക്കുകയും ചെയ്തു. തന്മൂലം ഇപ്പോൾ നിങ്ങളുടെ ഉള്ളംകാൽ പോലെ തന്നെ ആ മനസ്സാക്ഷി കഠിനവും പാപത്തെപ്പറ്റി സംവേദനക്ഷമതയില്ലാത്തതും ആയിത്തീർന്നു.

"സാത്താന്റെ തന്ത്രങ്ങളെപ്പറ്റി നാം അറിവില്ലാത്തവരല്ലല്ലോ" എന്ന് ഒരു ഭാഗത്ത് പൗലോസ് പറയുന്നു (2 കൊരിന്ത്യർ 2:11).

സാത്താൻ ഹവ്വയുടെ അടുക്കൽ വളരെ ആകർഷകമായ ഒന്നിലേക്കു അവളെ വശീകരിച്ചുകൊണ്ട് കൗശലത്തോടെ വരികയും അന്തിമമായി അവളെ നശിപ്പിക്കുകയും ചെയ്തു. ഇന്ന് അതേ വിധത്തിൽ തന്നെ സാത്താൻ നമ്മുടെ അടുക്കൽ വരുന്നു. ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങളിൽ മാത്രമല്ല, സാത്താന്യമായ ആരാധനകളുടെ കൂടുതൽ പ്രത്യക്ഷമായ രൂപഭേദങ്ങളോടുകൂടെത്തന്നെയാണ് അവൻ വരുന്നത്. മന്ത്രവാദത്തിലൂടെയും പാമ്പു ഗുഹയും (dungeons and dragons) പോലെയുള്ള കളികളിലൂടെയും മൃതാത്മാക്കളോടു സംസാരിക്കുവാൻ ഉപയോഗിക്കുന്ന ഫലകങ്ങളിലൂടെയും ജ്യോത്സ്യം, ജാതകം, ഹസ്തരേഖ എന്നുവേണ്ട, റോക്ക് സംഗീതം, ലഹരിമരുന്ന് തുടങ്ങിയവയിലൂടെയും അവൻ ആളുകളെ വഴിതെറ്റിക്കുന്നു. ജനഹൃദയങ്ങളിൽ കടന്നുകൂടുവാൻ സാധ്യമായ എല്ലാ വഴികളും അവൻ അന്വേഷിക്കും.

വിഗ്രഹാരാധനയും ജനങ്ങളെ സാത്താനുമായുള്ള ബന്ധത്തിലേക്കു നയിക്കുന്നു. കാരണം, എല്ലാ വിഗ്രഹങ്ങളുടെയും പിന്നിൽ ഒരു ദുരാത്മശക്തിയുണ്ട്. ശിശുവായ യേശുവിന്റെയും മറിയയുടെയും രൂപത്തിൽ നിർമ്മിച്ച വിഗ്രഹത്തിൽപ്പോലും ഇതുണ്ട് (1 കൊരിന്ത്യർ 10:19,20 നോക്കുക). അതിനാലാണ് ദൈവം

വിഗ്രഹാരാധനയെ പൂർണ്ണമായി വെറുക്കുകയും അതിനെ സമ്പൂർണ്ണമായിത്തന്നെ ഉപേക്ഷിക്കുവാൻ നമ്മോടു കൽപിക്കുകയും ചെയ്തിട്ടുള്ളത് (പുറപ്പാട് 20:4,5: 1 കൊരിന്ത്യർ 10:14; 1 യോഹന്നാൻ 5:21).

സിനിമാ, ടെലിവിഷൻ, വിഡിയോഫിലിം എന്നിവയിലൂടെ യുവജനങ്ങളുടെ മനസ്സുകളെ ദുശ്ചിന്തകളാൽ മലിനമാക്കിത്തീർക്കുക എന്നതാണ് സാത്താൻ ചെയ്യുന്ന മറ്റൊരു കാര്യം. ലൈംഗികമായി കിക്കിളിപ്പെടുത്തുന്നവയും അക്രമവാസനയുള്ളവയുമായ പരിപാടികൾ നിങ്ങൾ കാണുന്നതിന്റെ ഫലമായി അവയെപ്പറ്റിയുള്ള മലിനസ്വപ്നങ്ങളും ഭീകരസ്വപ്നങ്ങളും നിങ്ങൾക്കുണ്ടാകുന്നില്ലേ? ഇപ്രകാരം സാത്താൻ നിങ്ങളുടെ മനസ്സുകളിൽ ഭയവും അശുദ്ധിയും കടത്തിവിടുകയും ക്രമേണ നിങ്ങളുടെ മുഴുവൻ ജീവിതത്തെയും നശിപ്പിക്കുകയും ചെയ്യുന്നു.

ഹവ്വാ ആ വൃക്ഷത്തിലേക്കു ആകൃഷ്ടയായപ്പോൾ ദൈവത്തെ നോക്കി സഹായത്തിനായി നിലവിളിച്ചിരുന്നെങ്കിൽ, കഥ വളരെ വ്യത്യസ്തമാകുമായിരുന്നു.

19 വയസ്സുള്ള കാലത്ത് ഞാൻ ഒരു ക്രിസ്ത്യാനിയായപ്പോൾ മേലാൽ ഞാൻ സിനിമ കാണാൻ പോകരുതെന്ന് എനിക്കു ബോധ്യമായി. എന്നാൽ ഒരു ദിവസം എന്റെ സ്നേഹിതന്മാർ വന്ന് ഞാൻ ജോലി ചെയ്തിരുന്ന നേവൽബേസിലുള്ള ഒരു തീയേറ്ററിൽ നടക്കുന്ന ഒരു സിനിമ കാണുവാൻ തങ്ങളോടൊപ്പം വരണമെന്ന് എന്നോടാവശ്യപ്പെട്ടു. ഞാൻ ഒരു ക്രിസ്ത്യനിയായിത്തീർന്നതിനാൽ വരാൻ സാധ്യമല്ലെന്ന് അവരോടു പറയാൻ വേണ്ട ധൈര്യം അന്ന് എനിക്കില്ലായിരുന്നു. അതിനാൽ അവരോടൊപ്പം സിനിമാ തീയേറ്ററിലേക്കു പോയി. എങ്കിലും അവിടെ എത്തുന്നതുവരെ വഴിയിൽവച്ചെല്ലാം ഞാൻ കർത്തവിനോട് മൗനമായി ഇപ്രകാരം പ്രാർത്ഥിച്ചു, "കർത്താവേ, ദയവായി എന്നെ സഹായിക്കണമേ, പോകുവാൻ എനിക്കാഗ്രഹമില്ല. അതിനാൽ ഈ സാഹചര്യത്തിൽനിന്ന് എന്നെ രക്ഷിക്കണമേ," ഒടുവിൽ ഞങ്ങൾ സിനിമാതീയേറ്ററിലെത്തിയപ്പോൾ ഫിലിം കിട്ടാൻ സാധ്യമല്ലാതെ വന്നതിനാൽ അന്നത്തെ സിനിമാപ്രദർശനം റദ്ദു ചെയ്തിരിക്കുന്നതായി ഒരു നോട്ടീസ് അവിടെ തൂക്കിയിരുന്നു. അദ്ഭുതകരമായ വിധത്തിൽ എന്റെ പ്രാർത്ഥനയ്ക്കുത്തരം നൽകിയതിനു ഞാൻ ദൈവത്തെ സ്തുതിച്ചു. എങ്കിലും അനന്തരം കർത്താവ് എന്നോട് ഇപ്രകാരം സംസാരിച്ചു: "ഈ പ്രാവശ്യം നിന്നെ ഞാൻ സഹായിച്ചു. എന്നാൽ അടുത്ത പ്രാവശ്യം നീ തന്നെ 'ഇല്ല' എന്ന മറുപടി പറഞ്ഞുകൊള്ളണം". അടുത്ത പ്രാവശ്യം സ്നേഹിതന്മാർ എന്നെ വിളിക്കാൻ വന്നപ്പോഴേക്കും എന്റെ പ്രാർത്ഥനയ്ക്കു ദൈവം നൽകിയ അദ്ഭുതകരമായ ഉത്തരം നിമിത്തം ഞാൻ ധൈര്യം പ്രാപിച്ചിരുന്നതിനാൽ നിഷ്പ്രയാസം അവരോടു 'ഇല്ല' എന്ന മറുപടി പറയുവാന് എനിക്കു സാധിച്ചു.

ദൈവം ഏദെൻ തോട്ടത്തിൽ വന്ന് ആദാമിനോടും ഹവ്വയോടും അവരുടെ പാപത്തെക്കുറിച്ചു സംസാരിച്ചപ്പോൾ അവിടുന്നു സാത്താനെ ഇപ്രകാരം ശപിച്ചു: "സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും" (ഉൽപത്തി 3:15). ഇതു കാൽവറിയിൽ സംഭവിച്ചു. യേശുക്രിസ്തു സ്ത്രീയുടെ സന്തതിയായി ജനിച്ചു. അവിടുന്നു കാൽവറിയിൽ സാത്താന്റെ തല തകർത്തു. യേശുവിന്റെ പാദങ്ങളെ തുണച്ച ആണികൾ മുഖാന്തരം സാത്താൻ അവിടുത്തെ കുതികാലിനെ തകർത്തു.

അങ്ങനെ സാത്താൻ മനുഷ്യന്റെ മേൽ എന്നും ആധിപത്യം നടത്തുകയില്ലെന്ന പ്രത്യാശയുടെ സന്ദേശവുമായിട്ടാണ് ഉൽപത്തി മൂന്നാമധ്യായം അവസാനിക്കുന്നത്. യേശു വരികയും സാത്താനെ തോൽപിക്കയും ചെയ്തു. ഇന്നു സകല മനുഷ്യരെയും സാത്താന്റെ ശക്തിയിൽ നിന്നു സ്വതന്ത്രരാക്കുവാൻ അവിടുത്തേക്കു കഴിയും.

മേൽ ഒരിക്കലും സാത്താന് നിങ്ങളുടെ ജീവിതത്തിന്റെ മേൽ ഒരു ആധിപത്യം ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. യേശുക്രിസ്തു കാൽവറിയിൽ മരിച്ചപ്പോൾ നിങ്ങളുടെ മേലുള്ള സാത്താന്റെ ആധിപത്യത്തെ സമ്പൂർണ്ണമായി തോൽപിച്ചുവെന്ന വസ്തുത നിങ്ങൾ വിശ്വസിക്കുന്നപക്ഷം കഠിനമായിത്തീർന്ന നിങ്ങളുടെ മനസ്സാക്ഷി ഒരു കൊച്ചുകുട്ടിയുടെ തന്നെപോലെ വീണ്ടും മാർദ്ദവമുള്ളതായും സംവേദനക്ഷമമായും തീരും.

ബൈബിൾ സാത്താനെ അപവാദി (അഥവാ കുറ്റം ചുമത്തുന്നവൻ) എന്നു വിളിക്കുന്നു (വെളിപ്പാട് 12:10). നിങ്ങളുടെ കുറ്റങ്ങളെ നിങ്ങൾ ദൈവത്തോടു 100 പ്രാവശ്യം ഏറ്റുപറഞ്ഞിട്ടുണ്ടെങ്കിൽ തന്നെയും നിങ്ങളുടെ കഴിഞ്ഞ കാലപരാജയങ്ങളെയും പാപങ്ങളെയും കുറിച്ച് അവൻ നിങ്ങളെ കുറ്റം ചുമത്തിക്കൊണ്ടേയിരിക്കും. സാത്താന്റെ കുറ്റം ചുമത്തലുകളുടെ മേൽ വിജയം വരിക്കുവാനുള്ള ഏകമാർഗ്ഗം ദൈവത്തോടു നിങ്ങളുടെ സകല പാപങ്ങളും ഏറ്റു പറയുകയും നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി കാൽവറിയിൽ ചൊരിയപ്പെട്ട യേശുക്രിസ്തുവിന്റെ രക്തത്താൽ നിങ്ങളെ സമ്പൂർണ്ണമായി ശുദ്ധീകരിക്കാമെന്നുള്ള അവിടുത്തെ വാഗ്ദാനം ദൈവം അതുമൂലം നിറവേറ്റിയിരിക്കുന്നുവെന്ന് വിശ്വസിക്കുകയും ചെയ്യുകയാണ് (1 യോഹന്നാൻ 1:7,9 നോക്കുക). ദൈവമക്കളെ പീഡിപ്പിക്കുവാനുള്ള സാത്താന്റെ പ്രധാനമായ മാർഗ്ഗമാണ് കുറ്റം ചുമത്തൽ. അവനെ ജയിക്കുന്നതിലേക്കു ദൈവവചനം നിങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമത്രേ.

നിങ്ങൾ രണ്ടു പ്രാവശ്യം പോലും നിങ്ങളുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറയേണ്ട ആവശ്യമില്ല. ഒരിക്കൽ നിങ്ങൾ ദൈവത്തോടു പാപങ്ങൾ ഏറ്റുപറഞ്ഞാലുടൻതന്നെ, നിങ്ങളോട് നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുതരുവാൻ തക്കവണ്ണം ദൈവം വിശ്വസ്തനാണ്. അപ്രകാരമാണ് ഇപ്പോൾ നിങ്ങൾ സാത്താനെ ജയിക്കേണ്ടത്. നിങ്ങളുടെ കഴിഞ്ഞകാലപാപങ്ങൾ മുഴുവൻ അവിടുത്തെ രക്തത്താൽ നിശ്ശേഷം കഴുകി മാറ്റപ്പെട്ടുവെന്ന് അവനോട് പറയുന്നതിലൂടെ നിങ്ങൾക്ക് അവനെ ജയിക്കാം (വെളിപ്പാട് 12:11 നോക്കുക).

നിങ്ങളോടു നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുതരുവാൻവേണ്ടി മാത്രമല്ല, പിന്നെയോ ഒട്ടനേകം തെറ്റായ ശീലങ്ങൾക്കു നിങ്ങളെ അടിമയാക്കിത്തീർത്ത സാത്താന്യശക്തിയിൽനിന്നു നിങ്ങളെ സ്വതന്ത്രനാക്കുവാൻ കൂടെയുമാണ് യേശു മരിച്ചത്. സാത്താന്റെ തല നിങ്ങളുടെ രക്ഷകനായ ക്രിസ്തുവിനാൽ പൂർണ്ണമായും തകർക്കപ്പെട്ടുവെന്ന് ഓർത്തുകൊള്ളുക. ഹല്ലേലുയ്യാ!

# അധ്യായം നാല്
# ദൈവം സാത്താനെ നശിപ്പിക്കാഞ്ഞത് എന്തുകൊണ്ട്

മനുഷ്യനെ ഒരു മൃഗത്തിന്റെ തലത്തിലേക്കു അധ:പതിപ്പിക്കുന്ന വസ്തുത എന്താണ്?

മനുഷ്യൻ അവന്റെ ശാരീരികാവശ്യങ്ങളിലും ഭൗമികജീവിതത്തിലും മാത്രം തൽപരനായിത്തീരുമ്പോഴാണ് അത് സംഭവിക്കുന്നത്. ഒരു മൃഗത്തിന് എന്തിലാണു താൽപര്യം? ഭക്ഷണം, ഉറക്കം, ലൈംഗിക സംതൃപ്തി – അത്രമാത്രം. ഒരു മനുഷ്യൻ ഇവയിൽ മാത്രം തൽപരനായിത്തീരുമ്പോൾ അവൻ മൃഗങ്ങളുടെ തലത്തിലേക്കു താണുപോയി എന്നു നമുക്കു പറയാം.

എന്നാൽ കേവലം മൃഗങ്ങളെപ്പോലെ ആകുവാനല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. വിദ്യാഭ്യാസം ഒരു മനുഷ്യനെ മൃഗങ്ങളെക്കാൾ ഉയർന്നവനാക്കുന്നില്ല. എന്തെന്നാൽ ഉന്നതവിദ്യാഭ്യാസം ലഭിച്ച മനുഷ്യർപോലും ചിലപ്പോൾ മൃഗങ്ങളെപ്പോലെ തന്നെ പെരുമാറുന്നതായിക്കാണാം.

നമ്മിൽ നമ്മുടെ മനസ്സിനെക്കാൾ അഗാധമായ മറ്റൊന്നുണ്ട്. അതിനെ നാം ആത്മാവെന്നു വിളക്കുന്നു. നമ്മുടെ ആത്മാവ് ദൈവത്തെപ്പറ്റി നമ്മെ ബോധവാന്മാരാക്കുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവിടുന്നു സ്വതന്ത്രമായ ഒരു ഇച്ഛാശക്തിയോടെയാണ് അവനെ സൃഷ്ടിച്ചത്. സ്വയം തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം അവനു നൽകി.

സാത്താനെ ഒരു ദൈവദൂതനായി ദൈവം സൃഷ്ടിച്ചപ്പോൾ അവനും സ്വയം തിരഞ്ഞെടുക്കുവാനുള്ള ഈ സ്വതന്ത്ര്യം ദൈവം നൽകിയിരുന്നു. ആ കാരണത്താലാണ് “ഞാൻ യഹോവയുടെ സിംഹാസനത്തിനു മീതേ കയറും” എന്ന് അവൻ പറഞ്ഞത്.

സ്വതന്ത്രമായ ഇച്ഛാശക്തിയില്ലാത്ത പലതിനെയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഉദാഹരണമായി നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും നോക്കുക. നമ്മുടെ സൗരയൂഥത്തിലുള്ള ഗ്രഹങ്ങൾ അനേകായിരം വർഷങ്ങളായി ഒരിക്കൽപോലും ദൈവികനിയമങ്ങൾക്കെതിരേ മത്സരിച്ചിട്ടില്ല. എന്താണു കാരണം? അവയ്ക്കു തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ലായ്കയാൽ തന്നെ. എന്നാൽ ഈ ഗ്രഹങ്ങൾക്ക് ദൈവമക്കളായിത്തീരുവാൻ സാധ്യമല്ല. ഒരുവൻ ഒരു ദൈവമകനായിത്തീരണമെങ്കിൽ താനാഗ്രഹിക്കുന്നതു സ്വേച്ഛയാ തിരഞ്ഞെടുക്കുമാറു അവൻ സ്വതന്ത്രമായൊരു ഇച്ഛാശക്തിയോടുകൂടെ സൃഷ്ടിക്കപ്പെട്ടിരിക്കണം.

എന്നാൽ തിരഞ്ഞെടുപ്പിനുള്ള ഈ സ്വാതന്ത്ര്യം ലഭിക്കുന്നതിലുള്ള അപകടം ഇതാണ്: നിങ്ങളെത്തന്നെ സന്തോഷിപ്പിക്കുവാനും ദൈവകല്പനകളോട് അനുസരണക്കേടു കാട്ടുവാനും അതുപയോഗിക്കുവാൻ സാധ്യമാണ്. എന്നാൽ അനുസരണമുള്ള മക്കളെ ലഭിക്കുവാൻ ദൈവം ആഗ്രഹിച്ചതിനാൽ ഈ ആപൽസാധ്യത ഏറ്റെടുക്കുവാൻ അവിടുന്നു സന്നദ്ധനായിരുന്നു. ഈ ഒരു രംഗത്താണ് സാത്താനും ദൈവോദ്ദേശ്യം നിറവേറ്റുന്നവനായിത്തീരുന്നത്.

ലോകത്തിൽ കാണപ്പെടുന്ന എല്ലാ അവ്യവസ്ഥയും കുഴപ്പവും രോഗങ്ങളും തിന്മയുമെല്ലാം മനുഷ്യൻ ഏദെൻതോട്ടത്തിൽവച്ച് സാത്താനു ചെവികൊടുത്തതിന്റെ പരിണതഫലമാണ്.

ഇവിടെ നമുക്ക് ഇപ്രകാരമൊരു ചോദ്യം ചോദിക്കാം: ലോകത്തിലെ പ്രശ്നങ്ങളുടെയെല്ലാം മൂലകാരണം സാത്താനാണെങ്കിൽ എന്തുകൊണ്ട് ദൈവം സാത്താനെ ഇല്ലായ്മ ചെയ്യുന്നില്ല?

നമ്മുടെ ജ്ഞാനത്തെക്കാൾ ഉന്നതമാണ് ദൈവത്തിന്റെ ജ്ഞാനം. ഇക്കാര്യമെങ്കിലും തീർച്ചയായും നമുക്കു വിശ്വസിക്കുവാൻ കഴിയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. നമ്മുടെ ജ്ഞാനം ഒരു ചെറിയ പാത്രത്തിലെ വെള്ളംപോലെയാണ്. ദൈവത്തിന്റെ ജ്ഞാനമാകട്ടെ, ഒരു മഹാസമുദ്രംപോലെയും.

ദൈവം സാത്താനെ നശിപ്പിക്കാതെ ലോകത്തിൽ സജീവമായി പ്രവർത്തിക്കുവാൻ അവനെ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിനു തികച്ചും ന്യായമായ ഒരു കാരണം ഉണ്ടായിരിക്കണം.

വാസ്തവത്തിൽ സാത്താന്റെ പ്രവർത്തനത്തിലൂടെ ദൈവം കുറേ കാര്യങ്ങൾ നേടിയെടുക്കുന്നുണ്ട്. അതിനാലാണ് അവൻ നശിക്കാതെ തുടരുവാൻ ദൈവം അനുവദിച്ചിട്ടുള്ളത്.

ഭൂമിയിൽ വളരെയധികം തിന്മയും നഷ്ടവും കഷ്ടതയും വരുത്തിക്കൂട്ടുവാൻ സാത്താനെ ദൈവം അനുവദിക്കുന്നതിന്റെ ഒരു കാരണം ഈ കാര്യങ്ങളാൽ മനുഷ്യർ ദൈവത്തിങ്കലേക്കു തിരിയുവാൻ ഇടയാകുന്നു എന്നതാണ്.

ഈ ഭൂമിയിലെ ജീവിതം രോഗവും കഷ്ടപ്പാടും ദാരിദ്ര്യവും സങ്കടവും കൂടാതെ വളരെ സുഖകരമായിരുന്നുവെങ്കിൽ ഒരുത്തരം ദൈവത്തെക്കുറിച്ചു ചിന്തിക്കുകയേ ചെയ്കയില്ലായിരുന്നു എന്നു നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?

ദൈവം അനുവദിക്കുന്ന എല്ലാ കാര്യങ്ങളും ഒരു ലക്ഷ്യം സാധിക്കുവാൻ വേണ്ടിയാണ്. യിസ്രയേൽമക്കൾ മരുഭൂമയിൽ വച്ച് ദൈവത്തെ മറന്നപ്പോൾ അവർ വിഷപ്പാമ്പുകളുടെ കടിയേറ്റതായി പഴയനിയമത്തിൽ നാം വായിക്കുന്നു. പെട്ടെന്ന് അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞു. ദൈവം അവരെ സൗഖ്യമാക്കുകയും ചെയ്തു. ആ മനുഷ്യർ ദൈവത്തിങ്കലേക്കു തിരയുവാനിടയാകുമാറ് ആ വിഷപ്പമ്പുകൾ അവിടെയുണ്ടായിരുന്നതു നല്ലൊരു കാര്യമായിരുന്നില്ലേ?

ഒരിക്കൽ ദൈവത്തോട് അടുത്തു ജീവിച്ച ഒരു വ്യാപാരിയുടെ കഥ ഞാൻ കേട്ടിട്ടുണ്ട്. അയാളുടെ

വ്യാപാരം അഭിവൃദ്ധിപ്പെട്ടതോടെ അയാൾ ദൈവത്തിൽ നിന്നകന്നുപോയി. അയാളുടെ സഭയിലെ മൂപ്പന്മാർ അയാളോടു സംസാരിക്കുകയും അയാളെ ദൈവത്തിങ്കലേക്കു തിരിയെക്കൊണ്ടുവരുവാൻ വീണ്ടും വീണ്ടും ശ്രമിക്കുകയും ചെയ്തു. എങ്കിലും അയാൾ തന്റെ വ്യാപാരത്തിൽ സമ്പൂർണ്ണമായി മുഴുകിപ്പോവുകയാണുണ്ടായത്. ഒരു ദിവസം അയാളുടെ മൂന്നു മക്കളിൽ ഏറ്റവും ഇളയവനെ ഒരു വിഷപ്പാമ്പു കടിച്ചു. കുട്ടി വിഷം ബാധിച്ച് അവശനിലയിലായി. ഡോക്ടറന്മാർക്കുപോലും അവനെ രക്ഷിക്കാമെന്നുള്ള ആശയില്ലാതായി. അപ്പോൾ ആ പിതാവു വളരെ വ്യാകുലചിത്തനായി സഭയിലെ ഒരു മൂപ്പൻ വന്നു കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. ആ മൂപ്പൻ ജ്ഞാനമുള്ള ഒരു മനുഷ്യനായിരുന്നു. അദ്ദേഹം വന്ന് ഇപ്രകാരം പ്രാർത്ഥിച്ചു: “കർത്താവേ, ഈ കുട്ടിയെ കടിക്കുവാൻ അങ്ങ് ഈ പാമ്പിനെ അയച്ചതിനാൽ ഞാൻ അദ്ദേഹത്തെ സ്തുതിക്കുന്നു. ഈ കുടുംബത്തെ അങ്ങയെപ്പറ്റി ചിന്തിപ്പിക്കുവാൻപോലും എനിക്കു കഴിവില്ലായിരുന്നു. ആറുവർഷമായി എനിക്കു ചെയ്വാൻ കഴിയാതിരുന്ന കാര്യം ഈ പാമ്പ് ഇപ്പോൾ ഒരു നിമിഷത്തിനുള്ളിൽ സാധിച്ചിരിക്കുന്നുവല്ലോ. ഇപ്പോൾ ഇവർ ആ പാഠം പഠിച്ചുകഴിഞ്ഞിരിക്കയാൽ കുട്ടിയെ സൗഖ്യമാക്കണമേ. മേലാൽ ഒരിക്കലും അങ്ങയെപ്പറ്റി ഓർപ്പിക്കുവാൻ ഒരു പാമ്പിന്റെ സഹായം ആവശ്യമായി വരാതിരിക്കുമാറ് അങ്ങ് അവരെ സഹായിക്കണമേ”.

ഒരു ദിവസം പൊടുന്നനെ ക്യാൻസർ ബാധിച്ച് ആശുപത്രിയിലേക്കു നീക്കപ്പെടുന്നതുവരെയും ദൈവത്തപ്പറ്റി ചിന്തിക്കാത്ത ആളുകളുണ്ട്. അപ്പോൾ പെട്ടെന്നു അവർ ദൈവത്തെപ്പറ്റി ചിന്തിക്കുവാനാരംഭിക്കുകയും ക്രിസ്തുവിലേക്ക് തിരിഞ്ഞു വീണ്ടും ജനനം പ്രാപിക്കുകയും ചെയ്യുന്നു. മനുഷ്യർ തങ്ങളുടെ പാപം വിട്ടുതിരിഞ്ഞ് തങ്ങളുടെ നിത്യമായ സ്വർഗ്ഗീയഭവനം കണ്ടെത്തുവാൻ വേണ്ടി മാറാരോഗങ്ങൾ, വ്യാധികൾ, ദാരിദ്ര്യം തുടങ്ങി ഈ ലോകത്തിലെ വിവിധ ദുഃഖാനുഭവങ്ങളെ ദൈവം ഉപയോഗിച്ചിട്ടുണ്ട്. സാത്താൻ വരുത്തുന്ന അതേ ദുരനുഭവങ്ങൾ തന്നെ അവന്റെ ബന്ധനത്തിൽ നിന്ന് ആളുകളെ വിടുവിക്കുവാനും നിത്യരക്ഷയിലേക്കു നടത്തുവാനും ദൈവം ഉപയോഗിക്കുന്നത് ഈ വിധത്തിലാണ്. ഇപ്രകാരം ദൈവം വീണ്ടും വീണ്ടും സാത്താനെ ഒരു വിഡ്ഢിയാക്കിത്തീർക്കുന്നു.

തന്റെ മക്കളായ നമ്മെ ശുദ്ധീകരിക്കുവാൻ വേണ്ടിയും ദൈവം സാത്താനെ ഉപയോഗിക്കുന്നു.

തീയുടെ ദൃഷ്ടാന്തം ആലോചിച്ചുനോക്കുക. ലോകചരിത്രത്തിൽ ലക്ഷക്കണക്കിനാളുകൾ അഗ്നിബാധയിൽ മരിച്ചിട്ടുള്ളത് നമുക്കറിയാം. എന്നിട്ടും ആരും തീയുപയോഗിക്കുന്നത് നിർത്തിക്കളഞ്ഞിട്ടില്ല. തീ കൊണ്ടാണ് ഭക്ഷണം പാകം ചെയ്കയും മോട്ടോർവാഹനങ്ങളും വിമാനങ്ങളും യന്ത്രങ്ങളുമെല്ലാം പ്രവർത്തിക്കുകയും ചെയ്യുന്നത്. സ്വർണ്ണത്തെ ശുദ്ധീകരിക്കുവാനും തീ ഉപയോഗിക്കുന്നു. മറ്റൊരു വിധത്തിലും അതിനെ ശുദ്ധീകരിപ്പാൻ സാധ്യമല്ല. അങ്ങനെ വളരെ വിശിഷ്ടമായ വിധത്തിൽ ഉപയോഗിക്കാവുന്ന ഒന്നാണ് തീയ്.

അല്ലെങ്കിൽ വൈദ്യുതിയെപ്പറ്റി ചിന്തിക്കുക. വൈദ്യുതാഘാതം മൂലം അനേകായിരങ്ങൾ മരിച്ചിട്ടുണ്ട്. വൈദ്യുതി വളരെ അപകടകരമായ ഒരു വസ്തുവാണെങ്കിലും വളരെ പ്രയോജനകരമായ ഒന്നാണതെന്നു നമുക്കെല്ലാമറിയാം. സാത്താന്റെ കഥയും ഇതുപോലെ തന്നെ.

ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചപ്പോൾ അവർ നിഷ്കളങ്കരായിരുന്നു. അവർ വിശുദ്ധരായിത്തീരണമെങ്കിൽ ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടത് ആവശ്യമായിരുന്നു. തിന്മ തള്ളി പകരം ദൈവത്തെ തിരഞ്ഞെടുക്കുന്നതിലേക്ക് അവർക്ക് ഒരു പരീക്ഷ ഉണ്ടാകേണ്ടതും ആവശ്യമായിരുന്നു. അതിനാലാണ് ഏദെൻ തോട്ടത്തിലേക്കു വന്ന് അവരെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചത്.

ആ തോട്ടത്തിലേക്ക് സാത്താൻ വരുന്നതിനെ തടയുവാൻ ദൈവത്തിനു പ്രയാസമായിരുന്നുവെന്ന് നിങ്ങൽ ചിന്തിക്കുന്നുണ്ടോ? ഒരിക്കലും അതു പ്രയാസമായിരുന്നില്ല. എന്നാൽ പരീക്ഷ കൂടാതെ ആദാമിനു വിശുദ്ധി പ്രാപിക്കുക സാധ്യമല്ലായിരുന്നു. അങ്ങനെയെങ്കിൽ നിത്യകാലവും ആദാം നിഷ്കളങ്കതയിൽ തുടരുമായിരുന്നു.

നിഷ്കളങ്കവും വിശുദ്ധിയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. ഒരു ശിശുവിൽ നിങ്ങൾ കാണുന്നതു നിഷ്കളങ്കതയാണ്. ആദാമിനെ സൃഷ്ടിച്ച സമയത്തു അവൻ എപ്രകാരമായിരുന്നുവെന്ന് അറിയണമെങ്കിൽ നിഷ്കളങ്കനും നന്മ തിന്മകളെക്കുറിച്ചു അറിവില്ലാത്തവനുമായ ഒരു ശിശുവിനെ നോക്കിയാൽ മതി.

ഒരു ചെറിയ ശിശു നിഷ്കളങ്കനെങ്കിലും വിശുദ്ധനോ സൽഗുണപൂർണ്ണനോ അല്ല. പരിപൂർണ്ണതയിലെത്തുവാൻ വേണ്ടി ആ ശിശു വളരുകയും തിരഞ്ഞെടുപ്പുകൾ തടത്തുകയും ചെയ്യേണ്ടത് - തിന്മ ത്യജിക്കുകയും ദൈവത്തെ തിരഞ്ഞെടുക്കുകയും ചെയ്യേണ്ടത് - ആവശ്യമത്രേ.

പ്രലോഭനങ്ങൾക്കു കീഴ്പ്പെടുവാൻ നാം സ്വമനസാ വിസമ്മതിക്കുമ്പോഴാണു നാം സ്വഭാവശ്രേഷ്ഠത പ്രാപിക്കുന്നത്. നിങ്ങളുടെ ജീവിതത്തിൽ ഇതു വരെയും നിങ്ങൾ ചെയ്തിട്ടുള്ള തീരുമാനങ്ങളുടെ ഫലമാണ് ഇന്ന് നിങ്ങൾ ആയിരിക്കുന്ന അവസ്ഥ.

മറ്റു ചിലർ നിങ്ങളെക്കാൾ ഉൽകൃഷ്ടരായിരിക്കുന്നുവെങ്കിൽ അതിന്റെ കാരണം നിങ്ങൾ ചെയ്തതിനെക്കാൾ മെച്ചമായ തിരഞ്ഞെടുപ്പുകൾ അവർ ചെയ്തിട്ടുണ്ട് എന്നതാണ്. നാമെല്ലാവരും എല്ലാ ദിവസവും തിരഞ്ഞെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. അന്തിമമായി നാമെന്തായിത്തീരും എന്ന കാര്യം നിർണ്ണയിക്കുന്നത് ആ തിരഞ്ഞെടുപ്പികളാണ്.

ഹവ്വാ ഏദെൻതോട്ടത്തിൽ വച്ച് ആ തിരഞ്ഞെടുപ്പു നടത്തി. അവളുടെ തിരഞ്ഞെടുപ്പിലൂടെ അവൾ യഥാർത്ഥത്തിൽ ഇപ്രകാരം പറയുകയാണു ചെയ്തത്: “ദൈവം എന്റെ മേൽ അടിച്ചേൽപിച്ചിട്ടുള്ള നിയന്ത്രണങ്ങളാൽ ഭരിക്കപ്പെടുന്നതിനെക്കാൾ എന്റെ ശാരീരികാഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുകയും സാത്താൻ

എനിക്കു വാഗ്ദാനം ചെയ്യുന്നത് സ്വീകരിക്കുകയും ചെയ്യുന്നതാണ് എനിക്കു താൽപര്യം എനിക്കു സ്വതന്ത്രയായിത്തീരണം.

എന്നാൽ അവൾ സ്വതന്ത്രയായിത്തീർന്നോ? ഇല്ല തന്നെ. അവൾ സാത്താന്റെ ഒരടിമയായിട്ടാണ് തീർന്നത്. ദൈവകല്പനകളോടുള്ള അനുസരണം മാത്രമേ നമ്മെ യഥാർത്ഥത്തിൽ സ്വതന്ത്രരാക്കുകയുള്ളു.

തങ്ങൾക്കും തങ്ങളുടെ സന്തതികൾക്കും ആജീവനാന്തഭവിഷ്യത്തുകൾക്കിടയാക്കിയ ചില പ്രധാന തീരുമാനങ്ങൾ ആ ദിവസം ആദാമും ഹവ്വയും സ്വീകരിക്കുകയുണ്ടായി. എല്ലാ തീരുമാനങ്ങളും ചില ഭവിഷ്യൽ ഫലങ്ങൾക്കു കാരണമായിത്തീരുന്നു. ദൗർഭാഗ്യവശാൽ നമ്മുടെ മക്കളെയും കൂടെ ബാധിക്കുന്നവയാണ് ഈ ഭവിഷ്യൽഫലങ്ങൾ. ആദാമിന്റെ കാര്യത്തിൽ തങ്ങളുടെ ശേഷിച്ച ജീവിതകാലമത്രയും അയാളും ഭാര്യയും ദൈവസന്നിധിയിൽനിന്നു പുറത്താക്കപ്പെടുകയാണുണ്ടായത്.

അതുകൊണ്ട് നിങ്ങൾ ചെയ്യുന്ന ചെറിയ തിരഞ്ഞെടുപ്പുകൾ അപ്രധാനമായിക്കരുതരുത്. ഇന്നു നിങ്ങൾ വിതയ്ക്കുന്നതു നിങ്ങൾ ഭാവിയിൽ കൊയ്യാനിടയാകുമെന്ന കാര്യവും നിങ്ങൾ വിസ്മരിക്കരുത്. ശോധനകളെയും പരീക്ഷകളെയും നേരിടുവാൻ ദൈവം നിങ്ങളെ അനുവദിക്കും. ഈ വിഷയത്തിൽ സ്വതന്ത്രനും പ്രവർത്തനനിരതനുമായിരിപ്പാൻ ദൈവം സാത്താനെ അനുവദിക്കുകയും ചെയ്യും.

പഴയനിയമത്തിൽ ഇയ്യോബിന്റെ പുസ്തകത്തിൽനിന്നും ഒരു ദൃഷ്ടാന്തം എടുത്തു കാണിക്കട്ടെ. ഇയ്യോബിന്റെ ജീവിതസംഭവങ്ങളിൽ നിന്ന് സാത്താന്റെ പ്രവർത്തനത്തെപ്പറ്റി ചില കാര്യങ്ങൾ നമുക്കു പഠിക്കുവാൻ കഴിയും. ഇയ്യോബ് ഒന്നാമധ്യായത്തിൽ ദൈവവും സാത്താനും തമ്മിൽ സ്വർഗ്ഗത്തിൽ വച്ചു നടന്ന ഒരു സംഭാഷണം നാം വായിക്കുന്നുണ്ട്.

ഇയ്യോബ് 1:6-ൽ ഒരു ദിവസം ദൈവപുത്രന്മാർ (ദൂതന്മാർ) യഹോവയുടെ മുമ്പിൽ നിൽപാൻ ചെന്നതായും സാത്താനും അവരോടൊപ്പം അവിടെയെത്തിയതായും നാം വായിക്കുന്നു. യഹോവ സാത്താനോടു: "നീ എവിടെ നിന്നു വരുന്നു?" എന്നു ചോദിച്ചു. സാത്താന്റെ ഉത്തരം ശ്രദ്ധിക്കുക. ഭൂമിയിൽ ഊടാടി സഞ്ചരിച്ചു വരുന്നുവെന്നാണ് സാത്താൻ പറയുന്നത്. സാത്താൻ ഇപ്പോഴും ലോകത്തിൽ ചുറ്റിത്തിരിയുന്നുണ്ടെന്നു നിങ്ങൾ അറിയുന്നുണ്ടോ?

സാത്താൻ നരകത്തിൽ പാർക്കുന്നുവെന്നാണ് പലരുടെയും ധാരണ. അതു ശരിയായിരുന്നവെങ്കിൽ ഇവിടെ ഭൂമിയിലുള്ള നമ്മെ അവൻ ദ്രോഹിക്കുകയില്ലായിരുന്നു. എന്നാൽ സാത്താൻ നരകത്തിലല്ല പാർക്കുന്നത്.

മൂന്നു സ്വർഗ്ഗങ്ങൾ ഉള്ളതായി ബൈബിൾ പഠിപ്പിക്കുന്നു. ഒന്നാമത്തെ സ്വർഗ്ഗം നാം ശൂന്യാകാശമെന്നു വിളിക്കുന്ന സ്ഥലം തന്നെ. മൂന്നാം സ്വർഗ്ഗം ദൈവത്തിന്റെ അടുത്ത സാന്നിധ്യമുള്ള സ്വലവുമാണ് (2 കൊരിന്ത്യർ 12:2). ദൈവത്തിന്റെ അടുത്ത സാന്നിധ്യത്തിൽനിന്നു സാത്താൻ പുറത്താക്കപ്പെട്ടപ്പോൾ അവൻ നരകത്തിലേക്കല്ല രണ്ടാം സ്വർഗ്ഗത്തിലേക്കാണ് നീക്കം ചെയ്യപ്പെട്ടത് (എഫേസ്യർ 6:12). രണ്ടാം സ്വർഗ്ഗത്തിൽനിന്ന് ഏതു സമയത്തും ഭൂമിയിലേക്കു വരുവാൻ സ്വാതന്ത്ര്യമുണ്ട്. ആ കാരണത്താലാണ് ഏദെൻ തോട്ടത്തിലേക്കു വരുവാൻ അവനു കഴിഞ്ഞത്. അവനും അവന്റെ കിങ്കരന്മാർക്കും ഇന്നും ഭൂമിയിലേക്കു വരുവാൻ കഴിയുന്നതും അതുകൊണ്ടു തന്നെ.

സാത്താൻ അലറുന്ന സിംഹമെന്നപോലെ ആരെ വിഴുങ്ങേണ്ടുവെന്നു തിരഞ്ഞുകൊണ്ടു ചുററി നടക്കുന്നതായി ബൈബിൾ പ്രസ്താവിക്കുന്നു. തെററായ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ യുവജനങ്ങളെ എല്ലായ്പ്പോഴും അവൻ പ്രേരിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. ആ വിധത്തിൽ അവരുടെ ജീവിതത്തിലേക്കു പ്രേവേശിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അങ്ങനെ അവരുടെ വിശുദ്ധിയെയും സത്യസന്ധതയെയും ആത്മാർത്ഥതയെയും ഇല്ലായ്മചെയ്യുവാനും തന്നോടൊപ്പം നിത്യനാശത്തിലേക്ക് അവരെ നയിക്കുവാനും വേണ്ടിയാണ് ഇപ്രകാരം അവൻ കടന്നുവരുന്നത്.

സാത്താൻ ഭൂമിയിൽ ഊടാടി സഞ്ചരിക്കുന്നത് ഇതിനുവേണ്ടിത്തന്നെ.

സാത്താൻ എല്ലാ മനുഷ്യരെയും നിരീക്ഷിക്കുന്നുവെന്ന കാര്യം നിങ്ങൾക്ക് ഉറപ്പാക്കാവുന്നതാണ്. ശൈശവം മുതൽ നിങ്ങളെ അവൻ നിരീക്ഷിച്ചു പോരുന്നുണ്ട്. തിന്മ ചെയ്‌വാനും തെറ്റായ കാര്യങ്ങൾ തിരഞ്ഞെടുക്കുവാനും നിങ്ങളെ വശീകരിക്കുവാനും അങ്ങനെ നിങ്ങളെ നശിപ്പിക്കുവാനും അവൻ എന്നും ശ്രമിച്ചുപോരുന്നു. പരീക്ഷയിൽ കള്ളം കാണിപ്പാനും മറ്റുള്ളവരുടെ നേരെ മനസ്സിൽ പരിഭവമോ വിദ്വേഷമോ വച്ചുകൊണ്ടിരിപ്പാനും മാതാപിതാക്കളോടും അധ്യാപകരോടും വ്യാജം പറയുവാനും മറ്റുള്ളവരുടെ വസ്തുവകകൾ മോഷ്ടിപ്പാനും വൃത്തികെട്ട പുസ്തകങ്ങൾ വായിക്കുവാനുമെല്ലാം നിങ്ങളുടെ ചെവിയിൽ മന്ത്രിച്ചിട്ടുള്ളത് അവൻ തന്നെ.

ദൈവം സാത്താനോട് ഇങ്ങനെ തുടർന്നു പറഞ്ഞതായി ഇയ്യോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: "എന്റെ ദാസനായ ഇയ്യോബിന്റെ മേൽ നീ ദൃഷ്ടി വച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനുമായി ഭൂമിയിൽ ആരുമില്ലല്ലോ". തീർച്ചയായും ഇയ്യോബിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും സാത്താന് അറിയാമായിരുന്നു. യഥാർത്ഥത്തിൽ സാത്താന്റെ ആക്രമണലക്ഷ്യങ്ങളിൽ ഒന്നാം നമ്പരുകാരൻ ഇയ്യോബായിരുന്നു.

അതിനാൽ സാത്താൻ ഇപ്രകാരം മറുപടി പറഞ്ഞു: "വെറുതെയോ ഇയ്യോബു ദൈവഭക്തനായിരിക്കുന്നത്? നീ അവനും അവന്റെ വീട്ടിനും അവനുള്ള സകലത്തിനും ചുററും വേലികെട്ടിട്ടില്ലയോ? നീ അവനെ എല്ലാ വിധത്തിലും സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. അതിനാലാണ് അവൻ നിന്നെ സേവിക്കുന്നത്" (ഇയ്യോബ് 1:9, 10).

ഇവിടെ നമുക്കു പഠിക്കുവാനുള്ള അദ്ഭുതകരമായ ഒരു പാഠമുണ്ട്. ദൈവം തന്റെ മക്കൾക്കു ചുറ്റും ഒരു വേലി കെട്ടിയിട്ടുണ്ട്. അവരുടെ ശരീരങ്ങൾ, കുടുംബങ്ങൾ, വസ്തുവകകൾ എന്നിവയ്ക്കു ചുറ്റും സ്ഥിതി ചെയ്യുന്ന മുമ്മടങ്ങായ ഒരു വേലിയാണത്.

ഈ മുമ്മടങ്ങായ വേലികൊണ്ട് ദൈവത്താൽ തന്നെ സംരക്ഷിതരായിരിക്കുന്ന അവസ്ഥ ദൈവമക്കളെന്ന നിലയിൽ നമുക്കുള്ള വലിയൊരു പദവിയാണ്. സദൃശവാക്യങ്ങൾ 18:10–ൽ യഹോവയുടെ നാമം ബലമുള്ള ഗോപുരമാണെന്നും നാം വായിക്കുന്നു. യേശുവിന്റെ നാമത്തിൽ നമുക്കു വലിയൊരു സുരക്ഷിതത്വമുണ്ട്. കാൽവറിയിൽ തന്നെ തോൽപിച്ച യേശുക്രിസ്തുവിന്റെ നാമം ഒഴികെ മറ്റൊരു നാമത്തെയും സാത്താൻ ഭയപ്പെടുന്നില്ല. നമ്മുടെ ജീവിതത്തെ നാം ക്രിസ്തുവിനു കീഴടക്കിക്കൊടുക്കുമ്പോൾ സാത്താനെ എതിർക്കുവാനായി നമുക്ക് യേശുക്രിസ്തുവിന്റെ നാമം ഉപയോഗിക്കുവാൻ കഴിയും."സാത്താനോട് എതിർത്തു നിൽപിൻ ; എന്നാൽ അവൻ നിങ്ങളെവിട്ട് ഓടിപ്പോകും" എന്നു ദൈവവചനം പറയുന്നു.

സാത്താൻ ചെന്ന് ഇയ്യോബിനെയും അവന്റെ കുടുംബത്തെയും വസ്തുവകകളെയും പീഡിപ്പിക്കുവാൻ ദൈവം അവനെ അനുവദിച്ചതായി തുടർന്നുവരുന്ന ഭാഗത്തു നാം വായിക്കുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ സാത്താൻ കടന്നുചെന്ന് ഇയ്യോബിനെ പരീക്ഷിക്കുവാനായി ഓരോ വേലിയും ദൈവം അല്പാല്പം തുറന്നു കൊടുക്കുന്നതായിപ്പറയാം. എന്തു കൊണ്ടാണ് ദൈവം അപ്രകാരം ചെയ്തത്? ഇയ്യോബ് സ്വർണ്ണമെന്നപോലെ ശുദ്ധീകരിക്കപ്പെടണം എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം (ഇയ്യോബ് 23:10). ഈ പരിശോധനയുടെ അവസാനത്തിൽ തന്റെ എല്ലാ സ്വയനീതിയും കഴുകി നീക്കപ്പെട്ട് ഇയ്യോബ് അധികം വിനയവും ദൈവഭക്തിയുമുള്ള ഒരുവനായിത്തീരുന്നത് നാം കാണുന്നു.

നമ്മെയും ശോധന ചെയ്യുവാൻ ദൈവം അനുവദിക്കുന്നത് ഇതിനു വേണ്ടിയാണ്. ഈ ശോധനകളിലൂടെ കൂടുതൽ വിശുദ്ധിയും വിനയവും ദൈവഭക്തിയും ദയയും സ്നേഹവും സഹതാപവും ഉള്ളവരായും സ്വയനീതിയിൽനിന്ന് വിട്ടകന്നവരായും യേശുവിനോട് അധികം അനുരൂപരായും നാം തീരണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം.

ഇപ്രകാരം ദൈവമക്കളുടെ വിശുദ്ധീകരണപ്രക്രിയയിൽ സാത്താൻ വളരെ പ്രയോജനകരമായ ഒരു പങ്കു വഹിക്കുന്നതായി നാം മനസ്സിലാക്കുന്നു.

ഇതിൽനിന്നെല്ലാം കുറഞ്ഞപക്ഷം രണ്ടു കാര്യങ്ങൾ നമുക്കു ഗ്രഹിപ്പാൻ കഴിയും.

ഒന്നാമത്, ദൈവത്തിന്റെ അനുവാദം കൂടാതെ സാത്താൻ ഒരു ദൈവപൈതലിനെയും – അവന്റെ ശരീരത്തെയോ കുടുംബത്തെയോ വസ്തുവകകളെയോ – തൊടുവാൻ സാധ്യമല്ല.

രണ്ടാമത്, ഏതെങ്കിലും പ്രകാരത്തിൽ സാത്താന് നമ്മെ തൊടുവാനും നമുക്ക് ഉപദ്രവം ചെയ്വാനും അനുവാദം ലഭിക്കുമ്പോൾ, അത് എപ്പോഴും നാം ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് അധികം വളരുവാനും ഭൗമികവും താൽകാലികവുമായ വസ്തുക്കളിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ച് അധികം സ്വർഗ്ഗീയമനോഭാവമുള്ളവരായിത്തീരുവാനും വേണ്ടിയാണ്.

സാത്താൻ നമുക്കെതിരേ ചെയ്യുവാൻ ശ്രമിക്കുന്ന കാര്യങ്ങൾ പോലും നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ സമ്പൂർണ്ണനിയന്ത്രണത്തിനധീനമാണെന്നറിയുന്നത് നമുക്ക് വലിയൊരാശ്വസമല്ലേ?

ചെറുപ്പക്കാരായ നിങ്ങളോട് ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതം നിങ്ങൾ സമ്പൂർണ്ണമായി ദൈവത്തിനു കീഴടക്കിക്കൊടുക്കുമെങ്കിൽ നിങ്ങളുടെ ശരീരങ്ങൾക്കും കുടുംബങ്ങൾക്കും വസ്തുവകകൾക്കും ചുറ്റുമായി മുമ്മടങ്ങായ ഈ വേലി അഥവാ സംരക്ഷണം എപ്പോഴും ഉണ്ടായിരിക്കും.

ദൈവത്തിന്റെ അനുവാദം കൂടാതെ ഈ വേലികളിൽ ഏതെങ്കിലുമൊന്നിനെ അതിലംഘിക്കുവാൻ സാത്താനു സാധ്യമല്ല. എപ്പോഴെങ്കിലും ഇവ കടന്ന് സാത്താൻ നിങ്ങളെ സമീപിക്കുവാൻ ദൈവം അനുവദിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ നന്മയ്ക്കു വേണ്ടിയായിരിക്കും. ഈ കാര്യം നിങ്ങൾക്ക് ഉറപ്പായി വിശ്വസിക്കാം.

ഇപ്രകാരം സാത്താനെയും അവന്റെ പ്രവർത്തനത്തെയും പറ്റി ദൈവവചനം വ്യക്തമായ ഉപദേശം നൽകിയിട്ടുള്ളതായി നാം കാണുന്നു. ഇതു നമ്മെ ഭയപ്പെടുത്തുവാനല്ല; പിന്നെയോ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതായി വേണ്ടിയാണ് അവനെ നശിപ്പിക്കാതെ ദൈവം നിർത്തിയിരിക്കുന്നത്.

# അധ്യായം അഞ്ച്
# സാത്താന്റെ പ്രവർത്തന സമ്പ്രദായങ്ങൾ

ഒരു ചെറുപ്പക്കാരനെന്ന നിലയിൽ നിങ്ങളുടെ ജീവിതത്തിൽ സാത്താനെ ചെറുക്കുവാൻ നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ അതു നിങ്ങളുടെ ഭൗതിക ജീവിതത്തെ നശിപ്പിക്കുക മാത്രമല്ല, നിത്യതയിൽ നിങ്ങൾ ചെന്നുചേരേണ്ട സ്ഥാനത്തു നിങ്ങൾ എത്തിച്ചേരാതെ അവിടെ നിന്നു നിങ്ങളെ അകറ്റുവാനും ഇടയാക്കും. നിങ്ങളുടെ മേലുള്ള തന്റെ ആക്രമണം ആരംഭിക്കുവാൻ നിങ്ങൾ പ്രായപൂർത്തിയാകുന്നതുവരെ അവൻ കാത്തിരിക്കുകയില്ല. അവൻ ഇപ്പോൾ തന്നെ നിങ്ങളുടെ മേൽ പ്രവൃത്തിയാരംഭിക്കും. അതിനാൽ അവന്റെ പ്രവർത്തന സമ്പ്രദായങ്ങളെപ്പറ്റി ചിലതെല്ലാം നിങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമത്രേ.

ദൗർഭാഗ്യവശാൽ മിക്കയാളുകൾക്കും സാത്താനെക്കുറിച്ചു ധാരണ ലഭിക്കുന്നത് ദൈവവചനത്തിലെ ഉപദേശങ്ങളിൽ നിന്നല്ല, ഓനിഡാ ടെലിവിഷനിലെ പരസ്യങ്ങളിൽ നിന്നാണ്. അതിനാൽ കൊമ്പും നഖവുമണിഞ്ഞവനും പച്ചനിറത്തിൽ ശാഖകളുള്ള വാലോടുകൂടിയവനുമായ ഒരു താമാശക്കാരനായിട്ടാണ് അവർ സാത്താനെപ്പറ്റി ചിന്തിക്കുന്നത്. എന്നാൽ സാത്താന് ഇപ്രകാരം വികൃതമായ ഒരു രൂപമില്ലെന്ന് നാം ബൈബിളിൽനിന്നു മനസ്സിലാക്കുന്നു. സാത്താൻ ഒരാത്മാവാണ്. ആളുകൾ തന്നെക്കണ്ട് ഭയചകിതരായി ഓടിപ്പോകുമാറുള്ള ഒരു രൂപം ധരിക്കുവാൻ തക്കവണ്ണം അവൻ ബുദ്ധിഹീനനല്ല. ആളുകൾ അപ്രകാരം ചെയ്യുവാനിടയായാൽ പിന്നെ അവരെ വഴി തെറ്റിക്കുവാൻ അവനെങ്ങനെ സാധിക്കും?

ആദ്യമായി നിങ്ങളുടെ വിശ്വാസം പിടിച്ചുപറ്റിയശേഷം പിന്നീടു നിങ്ങളെ വഞ്ചിക്കുന്ന ഒരു കൗശലക്കാരനോടാണ് സാത്താന് അധികം സാദൃശ്യമുള്ളത്. സാത്താൻ ഒരു വെളിച്ചദൂതനെപ്പോലെ ആകർഷികത്വമുള്ളവനായി നമ്മുടെ അടുക്കൽ വരുന്നതായി ബൈബിൾ പറയുന്നു. ഇപ്രകാരം വെളിച്ചദൂതനെപ്പോലെ വരുന്നതിനാലാണ് ലോകത്തെ മുഴുവൻ വഞ്ചിക്കുന്നവൻ എന്ന പേര് സാത്താന് ലഭിച്ചിട്ടുള്ളത് (വെളിപ്പാട് 12:9).

ഒരു ദൃഷ്ടാന്തം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം. കരാട്ടേയെപ്പറ്റി ചിന്തിക്കുക. മിക്കയാളുകളും ചിന്തിക്കുന്നത് അതു സ്വയം സംരക്ഷിക്കുവാനുതകുന്ന ഒരു യുദ്ധകലയാണെന്നാണ്. എന്നാൽ അതു സത്യത്തിന്റെ ഒരു ഭാഗം മാത്രമാണ്. യോഗാഭ്യാസമെന്നതു കായികാഭ്യാസം മാത്രമാണെന്നു പുറമേ തോന്നിക്കുമ്പോൾ തന്നെ അതു സൂര്യനെ നമസ്കരിക്കുവാന തന്ത്രപൂർവം പഠിപ്പിക്കുന്നതുപോലെ കരാട്ടേയുടെ പിന്നിലും പൈശാചികശക്തികൾ ഉണ്ട്. കരാട്ടേയുടെ ദുരാത്മാക്കൾ ഉണ്ട്. ദുരാത്മാവു ബാധിച്ച ആളുകളിൽ അതിനെ കണ്ടെത്തുവാൻ എനിക്ക് ഇടയായിട്ടുണ്ട്. എങ്കിലും ആത്മപ്രതിരോധത്തിനുള്ള (അഥവാ സ്വയം സംരക്ഷണത്തിനുള്ള) നിരുപദ്രവമായ ചില ശക്തികൾ എന്ന നാട്യത്തിലാണ് അവ നമ്മെ സമീപിക്കുന്നത്.

ഏദെൻ തോട്ടത്തിൽ സാത്താന് ഹവ്വയുടെ അടുക്കൽ വന്നത് വളരെ ആകർഷകത്വമുള്ള ഒരാളായിട്ടാണ്. അറപ്പു തോന്നത്തക്ക ഒരു രൂപത്തിൽ അവൻ വന്നിരുന്നെങ്കിൽ ഹവ്വാ അവനെ വിട്ടു ഓടിപ്പോകുമായിരുന്നു.

സാത്താൻ മനുഷ്യരെ പരീക്ഷിക്കുന്നതിന്റെ വിവരണവുമായിട്ടാണ് പഴയ നിയമവും പുതിയനിയമവും ആരംഭിക്കുന്നതെന്ന വസ്തുത ശ്രദ്ധിക്കുക. പഴയ നിയമത്തിൽ ആദാമും ഹവ്വയും പരീക്ഷിക്കപ്പെടുന്നു (ഉൽപത്തി 3). പുതിയ നിയമത്തിന്റെ ആരംഭത്തിൽ യേശു പരീക്ഷിക്കപ്പെടുന്നതായും നാം കാണുന്നു (മത്തായി 4). നമ്മുടെ ശത്രുവായ സാത്താന്റെ പ്രവർത്തനരീതികൾ നാം അറിയണമെന്നതിനു ബൈബിൾ നൽകുന്ന പ്രാധാന്യം ഇതിലൂടെ വ്യക്തമാകുന്നുണ്ട്.

ആദാമും ഹവ്വയും സാത്താനെ അഭിമുഖീകരിക്കുന്ന മാർഗ്ഗമാണ് നാം പിന്തുടരുന്നതെങ്കിൽ തീർച്ചയായും നാം വീണുപോകും. എന്നാൽ യേശുക്രിസ്തു സാത്താനെ നേരിട്ട മാർഗ്ഗം നാം പിന്തുടരുമെങ്കിൽ നാം വിജയികളായിത്തീരും.

യേശുക്രിസ്തു ജലസ്നാനമേൽക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകുയം ചെയ്തശേഷം അവിടുന്നു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പു തന്നെ നം വായിക്കുന്ന ഒന്നാമത്തെ കാര്യം അവിടുന്നു സാത്താനാൽ പരീക്ഷിക്കപ്പെടേണ്ടതിന് പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ടുവെന്നാണ് (ലൂക്കോസ് 4:1).

സാത്താനെ നേരിടുവാൻ പരിശുദ്ധാത്മാവ് യേശുവിനെ നയിച്ചുവെന്ന കാര്യം വാസ്തവത്തിൽ അദ്ഭുതകരം തന്നെ. പരിശുദ്ധാത്മാവ് ദൈവത്തെയും സ്വർഗ്ഗത്തെയും കുറിച്ചുള്ള ദർശനങ്ങൾ നൽകുവാൻ മാത്രമാണ് പർവതശിഖരങ്ങളിലേക്ക് ആളുകളെ നയിക്കുന്നതെന്ന് ഒരുവൻ ചിന്തിക്കുവാനിടയുണ്ട്. അവിടുന്ന് അതിനുവേണ്ടി അമ്മാതിരി സ്ഥലങ്ങളിലേക്ക് നമ്മെ നടത്താറുണ്ടെന്നുള്ളതു ശരി തന്നെ. എന്നാൽ നാം സാത്താനാൽ പരീക്ഷിക്കപ്പെടുവാനിടയുള്ള സ്ഥലങ്ങളിലേക്കും കൂടെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നുണ്ട്.

നമുക്കു ദോഷകരമായ സ്ഥാനങ്ങളിലേക്ക് പരിശുദ്ധാത്മാവ് ഒരിക്കലും നമ്മെ നടത്തുകയില്ലെന്ന് നിങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതിനാൽ 4:1-ൽ ഭാഗമായ ആ ഒറ്റ വാക്യത്തിൽ നിന്നും പരീക്ഷകൾ നമുക്കു പ്രയോജനകരമാണെന്നു നമുക്കു മനസ്സിലാക്കാം. അല്ലാത്തപക്ഷം പരിശുദ്ധാത്മാവ് സാത്താനാൽ പരീക്ഷിക്കപ്പെടുവാനായി യേശുവിനെ നയിക്കുകയില്ലായിരുന്നു. ദൈവം ആരെയും പരീക്ഷിക്കുന്നില്ല. എങ്കിലും നാം സാത്താനാൽ പരീക്ഷിക്കപ്പെടുവാൻ അവിടുന്നു തീർച്ചയായും അനുവദിക്കുന്നു.

സാത്താന്റെ പരീക്ഷകളുടെ സമയം ശ്രദ്ധിക്കുക.

യേശു നാൽപതു ദിവസം ഉപവസിച്ചശേഷം അവിടുന്നു വിശന്നിരുന്ന സമയത്ത് അവൻ യേശുവിന്റെ അടുക്കൽ വന്നു. നാം ശാരീരികമായി ബലഹീനരായിരിക്കുമ്പോഴോ മാനസികമോ വൈകാരികമോ ആയ ഒരു സമ്മർദ്ദം അനുഭവിക്കുമ്പോഴോ ആണ് സാത്താൻ നമ്മെ ആക്രമിക്കുവാൻ ശ്രമിക്കുന്നത്.

രണ്ടാമതായി, യേശു പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും സ്വർഗ്ഗത്തിൽനിന്നുള്ള അംഗീകാരശബ്ദം കേൾക്കുകയും ചെയ്തശേഷമാണു സാത്താൻ യേശുവിന്റെ അടുക്കൽ വന്നത്. ദൈവത്തിൽനിന്നും നമുക്ക് അദ്ഭുതകരമായ ഒരനുഗ്രഹം ലഭിക്കുന്നതിനു തൊട്ടുപിമ്പാണ് പലപ്പോഴും സാത്താൻ നമ്മുടെ അടുക്കലേക്കു വരാറുള്ളത്.

അതിനാൽ സാത്താന്റെ തന്ത്രങ്ങളെപ്പറ്റി നമുക്കു ജാഗരൂകരായിരിക്കാം. ദൈവം നമുക്കു വലിയൊരനുഗ്രഹം നൽകിയശേഷം നമ്മെ നിഗളികളാക്കുവാൻ ശ്രമിച്ചുകൊണ്ടു സാത്താൻ നമ്മുടെ അടുക്കൽ വരും. അല്ലാത്തപക്ഷം നാം ഒരു പരീക്ഷയിൽ തോറ്റ സമയത്തോ രോഗികളായിരിക്കുമ്പോഴോ ശാരീരികശക്തി

യെല്ലാം വാർന്നുപോയ ഒരു സന്ദർഭത്തിലോ അവൻ നമ്മുടെ അടുക്കൽ വന്ന് പാപത്തിലേക്കു നയിക്കുവാൻ വേണ്ടി ധൈര്യക്ഷയത്തിന് നമ്മെ അധീനരാക്കിത്തീർക്കുവാൻ ശ്രമിക്കും.

സാത്താന്റെ കൗശലങ്ങളും തന്ത്രങ്ങളും നാം അറിയേണ്ടതിലേക്ക് കാലേകൂട്ടിത്തന്നെ ദൈവവചനം നമുക്കു നൽകപ്പെട്ടിരിക്കുന്നു. സാത്താൻ എപ്രകാരം നമ്മെ സമീപിക്കുന്നു? സാധാരണയായി ഏതേതു സന്ദർഭങ്ങളിലാണ് അവൻ വരുന്നത്? ഏതെല്ലാം വശീകരണതന്ത്രങ്ങൾ അവൻ പ്രയോഗിക്കുന്നു? മറ്റുള്ള വരെ അവൻ എപ്രകാരമാണ് വ്യാമോഹിപ്പിച്ചിട്ടുള്ളത്? യേശു എങ്ങനെ അവനെ ജയിച്ചു? ഇത്രയും കാര്യ ങ്ങൾ ദൈവവചനം നമുക്കു കാണിച്ചു തരുന്നുണ്ട്.

സാത്താന്റെ സമീപനമാർഗ്ഗങ്ങൾ ഏതെല്ലാമാണ്?

ഒന്നാമതായി സാത്താൻ യേശുവിനെ തന്റെ ശാരീരികാഗ്രഹങ്ങളിലൂടെ പരീക്ഷിച്ചതായി നാം കാണു ന്നു. സാത്താൻ യേശുവിനോടു പറഞ്ഞു: “നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരുവാൻ കല്പിക്കുക”.

ഇങ്ങനെയാണ് സാത്താൻ നമ്മുടെ അടുക്കലും വരുന്നത്. നമ്മുടെ ന്യായയുക്തമായ ശാരീരികാഗ്രഹ ങ്ങളെ ന്യായയുക്തമായ മാർഗ്ഗങ്ങളിലൂടെ സംതൃപ്തിപ്പെടുത്തുവാൻ സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ യേശു ജാഗ്രതയുള്ളവനായിരുന്നു. അതിനാൽ യേശു ഇപ്രകാരം മറുപടി നൽകി: “...എന്ന് എഴുത പ്പെട്ടിരിക്കുന്നു”.

അനേകായിരം വർഷങ്ങൾക്കു മുമ്പ് സാത്താൻ ഹവ്വയുടെ അടുക്കൽ വന്നപ്പോൾ അവൻ “ദൈവം കല്പിച്ചിട്ടുണ്ടോ?” എന്നു ചോദിച്ച് ദൈവവചനത്തെ ചോദ്യം ചെയ്തു.

സാത്താൻ പൂർണ്ണഹൃദയത്തോടെ വെറുക്കുന്ന ഒരേയൊരു പുസ്തകം മാത്രമേ ലോകത്തിലുള്ളുവെന്ന് നിങ്ങൾക്കറിയാമോ ? അതാണ് ദൈവവചനമായ ബൈബിൾ. എന്തുകൊണ്ടാണ് അവൻ അതിനെ വെറുക്കു ന്നത്? കാരണമിതാണ്: അവൻ സാത്താനായിത്തീർന്നതെങ്ങനെയെന്ന് അതു വെളിപ്പെടുത്തുകയും അവന്റെ തന്ത്രങ്ങളെയെല്ലാം അതു അനാവരണം ചെയ്യുകയും എല്ലാററിലും പ്രധാനമായി കാൽവറിയിലെ കുരിശിൽ അവനു സംഭവിച്ച പരാജയത്തെയും ക്രിസ്തു വീണ്ടും ഭൂമിയിലേക്കു വരുമ്പോൾ അവനുണ്ടാകുവാൻ പോകുന്ന അന്തിമന്യായവിധിയെയും കുറിച്ചുള്ള സകല കാര്യങ്ങളും അതു വെളിപ്പെടുത്തുകയും ചെയ്യുന്നു.

ഈ കാരണത്താലാണ് സാത്താൻ ബൈബിളിനെ വെറുക്കുക മാത്രമല്ല, അതു വായിക്കുന്നതിൽനിന്ന് ആളുകളെ തടയുകയും ചെയ്യുന്നത്. എന്നാൽ ഒരു നോവലോ കോമിക്കോ ആണെങ്കിൽ അതു നിങ്ങൾ വായിക്കുന്നതു സാത്താനു വളരെ സന്തോഷമായിരിക്കും. കാരണം, ആ നോവലും കോമിക്കുമൊന്നും അവനെ ജയിക്കുന്നതിൽ നിങ്ങളെ സഹായിക്കയില്ലെന്നും ബൈബിൾ അതിനു സഹായിക്കുമെന്നും അവനറിയാം.

യേശു ഈ ഭൂമിയിലേക്കു വന്നപ്പോൾ നമ്മെപ്പോലെ തന്നെയുള്ള ഒരുവനായിത്തീരുകയും സകല ത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെടുകയും ചെയ്തു (എബ്രായർ 2:17;4:15). നമുക്കു ഒരു മാതൃകയാ യിത്തീരുവാനും “എന്നെ അനുഗമിക്കുവിൻ, എന്റെ മാതൃക പിന്തുടരുവിൻ” എന്നു നമ്മോടു പറയുവാനും അവിടുത്തേക്കു കഴിയുന്നത് ഈ കാരണത്താലാണ്.

ഇവിടെ നമുക്കു പിന്തുടരുവാൻ കഴിയുന്ന യേശുവിന്റെ ദൃഷ്ടാന്തം എന്താണ്? നാം പരീക്ഷിക്കപ്പെടു മ്പോൾ ദൈവവചനം മാത്രം സാത്താന്റെ മുമ്പിൽ ഉദ്ധരിക്കുക എന്നുള്ളതാണ് ആ ദൃഷ്ടാന്തം. ഹവ്വാ ചെയ്തതുപോലെ യേശു സാത്താനുമായി കാര്യങ്ങൾ ചർച്ച ചെയ്തില്ല. തന്റെ ശരീരത്തിനു ഭക്ഷണം ആവ ശ്യമാണോ, അഥവാ ഭക്ഷണം നല്ല ഒരു വസ്തുവാണോ, അതു പ്രയോജനം ചെയ്യുമോ – ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചൊന്നും അവിടുന്നു യുക്തിവാദം ചെയ്തില്ല. ദൈവം തന്റെ വചനത്തിൽ എന്തു പറഞ്ഞി രിക്കുന്നുവെന്നതു മാത്രമായിരുന്നു അവിടുത്തെ ചിന്ത.

അതുകൊണ്ട് എന്റെ പ്രിയ സ്നേഹിതരേ, ഈയൊരു കാര്യം നിങ്ങളോടു പറയുവാൻ ഞാൻ ആഗ്ര ഹിക്കുന്നു. “ദൈവം തന്റെ വചനത്തിൽ എന്ത് അരുളിച്ചെയ്തിരിക്കുന്നുവോ അതൊന്നു മാത്രമാണ് എനിക്കു അന്തിമമായ പ്രമാണം” എന്നൊരു പ്രമാണമടിസ്ഥാനമാക്കി നിങ്ങൾ ജീവിതം നയിക്കുമെങ്കിൽ നിങ്ങൾ എപ്പോഴും യേശു ജയിച്ചതുപോലെ സാത്താനെ ജയിക്കുന്നവരായിത്തീരും. യഥാർത്ഥത്തിൽ സാത്താൻ തന്റെ മുമ്പിലുന്നയിച്ച മൂന്നു പരീക്ഷകൾക്കും മറുപടിയായി യേശു ദൈവവചനം ഉദ്ധരിക്കുക മാത്രമാണ് ചെയ്തത്.

ഇവിടെ നമുക്ക് ഹവ്വയും യേശുവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാം. യേശുവിന്റെ മനോഭാവം ഇതായിരുന്നു: “ഏതെങ്കിലും ഭക്ഷണം എന്റെ ശരീരത്തിനു എത്ര പ്രധാനമോ അതിനെക്കാൾ പ്രധാനമാണ് എന്റെ ആത്മാവിനു ദൈവവചനം”. അല്ലെങ്കിൽ അത് ഈ വിധത്തിൽ നമുക്കു പറയാം: ദൈവവചനം വായി ക്കുകയും ഗ്രഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് എത്ര പ്രധാനമോ അത്രയും പ്രധാനമല്ല ശരീര ത്തിനു ഭക്ഷണം ലഭിക്കുക എന്നത്. “മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, യഹോവയുടെ വായിൽനിന്നു വരുന്ന സകല വചനം കൊണ്ടുമത്രേ ജീവിക്കുന്നത്” എന്ന പഴയനിയമവചനം യേശു സാത്താന്റെ മുമ്പിൽ ഉദ്ധരിച്ചതിന്റെ അർത്ഥം ഇതായിരുന്നു.

എന്റെ കൊച്ചു സ്നേഹിതരേ, നിങ്ങൾക്കിതു മനസ്സിലാകുന്നുണ്ടോ? ഭക്ഷണം, ലൈംഗികാകർഷണം, എന്നിവ പോലെയുള്ള നമ്മുടെ ശാരീരികാവശ്യങ്ങൾ എല്ലാം സാധിക്കുന്നതിനെക്കാൾ പ്രധാനമാണ് ദൈവ വചനം എന്നു ഗ്രഹിക്കുകയാണ് സാത്താനെ ജയിക്കുന്നതിനാവശ്യമായ ഒന്നാമത്തെ പ്രമാണം. ആരംഭഘട്ട ത്തിൽ തന്നെ ഈയൊരു നിലപാട് നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ ജീവിതത്തിൽ നിങ്ങൾ വഞ്ചിതരായി ത്തീർന്നു പോകും.

ഓരോ ദിവസവും ദൈവവചനം വായിക്കുന്നതിനെക്കാൾ അധികം പ്രധാനം ഭക്ഷണം കഴിക്കുന്നതാണെന്ന് സാത്താൻ നിങ്ങളോടു പറയും. സാത്താൻ പറയുന്നതു വിശ്വസിക്കുന്ന ഒട്ടനേകം വിശ്വാസികളുണ്ട്.

സാത്താൻ പറയുന്നത് അവർ വിശ്വസിക്കുന്നുവെന്നതിന്റെ തെളിവ് ഇതാണ്: ദിവസം മൂന്നു പ്രാവശ്യമോ അതിലധികമോ ഭക്ഷണം കഴിക്കുവാൻ അവർ ഒരിക്കലും മറക്കുന്നില്ല. അതിന് അവർ സമയം കണ്ടെത്തുന്നു. എന്നാൽ ദൈവവചനം വായിക്കുവാൻ ഒന്നുകിൽ അവർ മറന്നുപോകുന്നു; അല്ലെങ്കിൽ അതിനു സമയമില്ലാത്തവിധം അത്ര തിരക്കുള്ളവരായി അവർ തീരുന്നു.

വിശ്വാസികളെ ഈ വിധം വഞ്ചിക്കുകയും അതിലൂടെ അവരെ ദുർബലരാക്കുകയും ചെയ്തത് ആരുടെ പ്രവൃത്തിയാണ്? അതു തീർച്ചയായും സാത്താന്റെ പ്രവൃത്തി തന്നെ, സംശയമില്ല. യേശുവിൽ നാം കണ്ടെത്തുന്ന ആ ദൃഷ്ടാന്തം എത്ര മഹനീയം! നാൽപതു ദിവസം ഉപവസിച്ചതിനുശേഷവും തനിക്കു വിശപ്പടക്കുന്നതിനെക്കാൾ കൂടുതൽ പ്രധാനമായി തോന്നിയത് ദൈവത്തിന്റെ ഒരു വചനം ശ്രദ്ധിക്കുന്നതായിരുന്നു.

തങ്ങളുടെ ജീവിത്തിൽ ദൈവവചനത്തിനു സർവോന്നതസ്ഥാനം നൽകുന്നവരാണ് നിരന്തരമായിത്തന്നെ വിജയജീവിതം നയിക്കുന്നത്. 1 യോഹന്നാൻ 2:14-ൽ അപ്പോസ്തലനായ യോഹന്നാൻ ചെറുപ്പക്കാരോട് ഇങ്ങനെ പറയുന്നു: "ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കെഴുതുന്നു. "മറ്റേതെങ്കിലും വിധത്തിൽ സാത്താനെ ജയിക്കുക അസാധ്യം തന്നെ. നിങ്ങളുടെ ജീവിതത്തിലെ ഓരോ ദിവസവും ദൈവവചനം വായിക്കുവാനും ധ്യാനിക്കുവാനും നിങ്ങളിൽ ഓരോരുത്തരെയും ഞാന് ഉത്സാഹിപ്പിക്കുന്നു.

ഇനി നമുക്കു രണ്ടാമത്തെ പരീക്ഷയിലേക്കു കടന്നു നോക്കാം.

ഇവിടെ സാത്താൻ ദേവാലയത്തിന്റെ അഗ്രത്തിൽനിന്നു താഴോട്ടു ചാടുവാനും ദൈവികസംരക്ഷണം അവകാശപ്പെടുവാനും യേശുവിനെ പ്രലോഭിപ്പിക്കുന്നു. അദ്ഭുതാവഹമായ ഒരു കൃത്യം ചെയ്യുവാനും യാതൊരു ഹാനിയും കൂടാതെ തങ്ങളുടെ മധ്യത്തിലേക്കു താണുവരുന്ന യേശുവിനെ നോക്കിക്കൊണ്ട് താഴെ ദേവാലയാങ്കണത്തിൽ നിൽക്കുന്ന ജനസമൂഹത്തിന്റെ അഭിനന്ദമാർജ്ജിക്കുവാനുള്ള ഒരു പരീക്ഷയാണിത്. ഇവിടെ സാത്താൻ യേശുവിന്റെ മുമ്പിൽ കൊണ്ടുവന്ന നിർദ്ദേശം സത്യത്തിൽ ആത്മഹത്യാപരമായ ഒരു പ്രവർത്തനം തന്നെ.

മറ്റുള്ളവരുടെ അഭിനന്ദനം നേടുവാനോ നിങ്ങൾ മഹാനായ ഒരു വ്യക്തിയെന്ന ആളുകൾക്കു ബോധ്യം വരുത്തുവാനോ വേണ്ടി അദ്ഭുതാവഹമായ ചില കൃത്യങ്ങൾ ചെയ്യുവാൻ സാത്താൻ ചിലപ്പോൾ നിങ്ങളെ പ്രേരിപ്പിക്കും. "ദൈവദൂതന്മാർ നിന്നെ താങ്ങിക്കൊള്ളും" എന്നിങ്ങനെ സാത്താൻ ദൈവവചനം തന്നെ ഉദ്ധരിച്ചതും ശ്രദ്ധിക്കുക.

ദൈവവചനം തെറ്റായി ഉദ്ധരിക്കുന്നതിലൂടെ നിങ്ങളെ വഴിതെറ്റിക്കുവാൻ സാധിക്കുമെങ്കിൽ അതു ചെയ്യുവാനും സാത്താൻ മുതിരും. തിരുവചനം വാസ്തവത്തിൽ എന്താണു പഠിപ്പിക്കുന്നതെന്നു നിങ്ങൾക്കറിവില്ലെങ്കിൽ അവൻ നിങ്ങളെ വഞ്ചിക്കുകതന്നെ ചെയ്യും.

ഉദാഹരണമായി തങ്ങൾ രോഗബാധിതരായിത്തീരുമ്പോൾ മരുന്നു കഴിക്കാത്ത വിശ്വാസികളുണ്ട്. ഈ വിധത്തിലുള്ള തങ്ങളുടെ 'വിശ്വാസ'ത്തിനാധാരമായ ഒരു തിരുവെഴുത്തുപോലും അവർക്കില്ല. എന്നാൽ തങ്ങൾ ദൈവത്തിൽ 'വിശ്വാസമർപ്പിക്കുക'യാണെന്ന് അവർ സങ്കൽപിക്കുന്നു. ഇത് ദൂതന്മാർ തങ്ങൾക്കു പ്രകൃത്യതീതമായ സംരക്ഷണം നൽകുമെന്നു വിശ്വസിച്ചുകൊണ്ട് ദേവാലയാഗ്രത്തിൽനിന്നു ചാടുന്നതിനു തുല്യമാണ്. അവരിൽ ഒട്ടധികം പേരും തങ്ങളുടെ രോഗം നിമിത്തം മരണമടയുന്നു. ഇതുമൂലം ക്രിസ്തീയ മാർഗ്ഗം ഭോഷത്തപരമായ മതാന്ധത ബാധിച്ച ഒരു മാർഗ്ഗമാണെന്ന ധാരണ വിജാതീയർക്കുണ്ടാകുകയും അങ്ങനെ ക്രിസ്തുവിന്റെ നാമം അവരുടെയിടയിൽ ദുഷിക്കപ്പെടുകയും ചെയ്യുന്നു.

ഈ വിശ്വാസികളെ ആത്മഹത്യയിലേക്കു വശീകരിക്കുന്നതിൽ തനിക്കു വിജയം ലഭിച്ചതുമൂലം സാത്താൻ ചാരിതാർത്ഥ്യം പൂണ്ട് ആഹ്ലാദിക്കുകയാണ് (മാറി നിന്നു ചിരിക്കുകയാണ്). അവർ വിഷം കുടിച്ചില്ല, പിന്നെയോ, നമ്മുടെ പ്രയോജനത്തിനായി ദൈവം സൃഷ്ടിച്ച ഔഷധമുപയോഗിച്ചു തങ്ങളുടെ ശരീരത്തെ ബാധിച്ച രോഗബീജങ്ങളെ നശിപ്പിക്കുവാൻ വിസമ്മതിച്ചതിലൂടെയാണ് ആത്മഹത്യ ചെയ്തത്. ഈ മാർഗ്ഗത്തിലൂടെ ഭൂമിയിൽ ദൈവരാജ്യത്തിന്റെ പ്രവർത്തനത്തിനു പ്രയോജനം വരുത്തുമായിരുന്ന പല ദൈവമക്കളെയും സാത്താൻ മരണത്തിൽ കുടുക്കി നശിപ്പിച്ചിട്ടുണ്ട്.

ബുദ്ധിഹീനമായ ചിലത് ദൈവവചനത്തിന്റെ താൽപര്യത്തിനും ഉപദേശത്തിനും വിരുദ്ധമായ ചിലത്, കാഴ്ചയിൽ അദ്ഭുതകരമായ ചിലതു ചെയ്യുവാൻ സാത്താൻ ആളുകളെ എപ്പോഴും പരീക്ഷക്കുന്നുണ്ട്. ഇവിടെ നാം സാത്താനെ ജയിക്കുന്നത് താഴ്മയിലൂടെയാണ്. ഏതെങ്കിലും വിധത്തിൽ നമുക്ക് ഒരു പുകഴ്ച ലഭിക്കുവാനാഗ്രഹിച്ചിട്ടല്ല, പിന്നെയോ താഴ്മയോടെ ദൈവത്തിനു നമ്മെത്തന്നെ കീഴടക്കുന്നതിലൂടെയാണ് നാം ആ ജയം കരസ്ഥമാക്കുന്നത്.

സാത്താൻ യേശുവിന്റെ മുമ്പിൽ ഒരു ദൈവവചനം ഉദ്ധരിച്ചപ്പോൾ യേശു അതിനു മറുപടിയായി മറ്റൊരു ദൈവവചനം ഉദ്ധരിച്ചു. "നിന്റെ ദൈവവമായ കർത്താവായ പരീക്ഷിക്കരുത് എന്നും കൂടി എഴുതിയിരിക്കുന്നു". ഇതായിരുന്നു കർത്താവു നൽകിയ മറുപടി.

ബുദ്ധിഹീനവും അർത്ഥശൂന്യവും അനാവശ്യകവുമായ ഒരു പ്രവൃത്തിയാൽ ദൈവത്തെ പരീക്ഷിച്ചിട്ട് ആ ഭോഷത്തത്തിന്റെ അനന്തരഫലത്തിൽനിന്നു ദൈവം നമ്മെ സംരക്ഷിച്ചുകൊള്ളുമെന്നു പ്രതീക്ഷിക്കുകയല്ല നാം ചെയ്യേണ്ടത്.

ഇനി അവസാനമായി മൂന്നാമത്തെ പരീക്ഷയെപ്പറ്റി ചിന്തിക്കുക.

ഇവിടെ താൻ എപ്പോഴും ആഗ്രഹിച്ചിട്ടുള്ള ഒരു കാര്യം – ആരാധന അഥവാ തന്നെ മറ്റുള്ളവർ കുമ്പിട്ടു നമസ്കരിക്കുന്ന അനുഭവം – ലഭിക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത്. അവൻ യേശുവിനോടു പറഞ്ഞു. "നീ എന്നെ വീണു നമസ്കരിക്കുമെങ്കിൽ ഈ ലോകത്തിന്റെ മഹത്വം മുഴുവൻ ഞാൻ നിനക്കു നൽകാം."

ഈ ലോകത്തിന്റെ മഹത്വം നമ്മെയെല്ലാം വശീകരിക്കുന്ന അദ്ഭുതശക്തിയുള്ള ഒരു കാര്യമാണ്. പണം, ജനപ്രീതി, ബഹുമാനം, സ്ഥാനമാനങ്ങൾ, പദവി, അധികാരം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. "ഇതിൽ ഏതാണു നീ ആഗ്രഹിക്കുന്നത്? എന്നോടു പറയുക. ഞാൻ അതു നിനക്കു തരാം. എന്റെ മുമ്പിൽ അൽപമൊന്നു മുട്ടുമടക്കി എന്നെ ഒന്നു നമസ്കരിക്കുക. അതെല്ലാം ഞാൻ നിനക്കു നൽകാം".

അവൻ നിങ്ങളോടു പറയും: "നിങ്ങളുടെ പരീക്ഷയിൽ ജയം നേടുവാൻ നിങ്ങൾക്കു താൽപര്യമുണ്ടാ? ക്ലാസ്സിൽ ഒന്നാമനാകുവാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ ഞാൻ നിന്നെ സഹായിക്കാം. എന്റെ മുമ്പിൽ നീ മുട്ടുമടക്കി എന്നെ ഒന്നു നമസ്കരിക്കുക. അതെല്ലാം ഞാൻ നിനക്കു നൽകാം".

അവൻ നിങ്ങളോടു പറയും: "നിങ്ങളുടെ പരീക്ഷയിൽ ജയം നേടുവാൻ നിങ്ങൾക്കു താൽപര്യമുണ്ടോ? ക്ലാസ്സിൽ ഒന്നാമനാകുവാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ ഞാൻ നിന്നെ സഹായിക്കാം. എന്റെ മുമ്പിൽ നീ മുട്ടുമടക്കുക. കൈക്കൂലികൊടുത്ത് ആ ചോദ്യക്കടലാസ് കാലേകൂട്ടി കരസ്ഥമാക്കുക. പരീക്ഷകന് കുറച്ചു പണം കൊടുത്ത് കുറെ മാർക്കു കൂടി സമ്പാദിക്കുക. പരീക്ഷയിൽ അൽപം കള്ളത്തരം പ്രയോഗിക്കുക" ഇങ്ങനെയെല്ലാമാണ് അവൻ നമ്മെ ഉപദേശിക്കുന്നത്.

ഈ വഴികളിലൂടെയാണ് ഇന്നു ധാരാളം പേർ സാത്താന്റെ മുമ്പിൽ മുട്ടു മടക്കുന്നത്.

ചെറുപ്പക്കാരായ നിങ്ങൾ സാത്താന്റെ തന്ത്രങ്ങൾ അറിഞ്ഞിരിക്കേണ്ടത് പ്രധാന കാര്യമാണ്. തീർച്ചയായും ഒരു പരീക്ഷയിൽ കള്ളത്തരം പ്രയോഗിക്കുമ്പോൾ നിങ്ങൾ ഹൃദയം കൊണ്ട് സാത്താന്റെ മുമ്പിൽ മുട്ടുകുത്തി ഇപ്രകാരം പറയുകയാണ്: "സാത്താനേ, ഞാൻ നിന്റെ ആജ്ഞകൾ അനുസരിക്കാം. പരീക്ഷാഹാളിലേക്കു പോകുമ്പോൾ ഒരു ചെറിയ കടലാസുകഷണത്തിൽ കുറിപ്പുകളെഴുതി ഞാൻ പോക്കറ്റിൽ സൂക്ഷിച്ചുകൊള്ളാം".

ഇക്കാലത്തു ചെറുപ്പക്കാർ കണ്ടെത്തിയിട്ടുള്ള സാമർത്ഥ്യപൂർവമായ വേറെയും പല കപടവിദ്യകളുണ്ട്. കാരണം, സാത്താൻ വളരെ സാമർത്ഥ്യശാലിയാണ്. കപടമാർഗ്ഗങ്ങൾ സ്വീകരിക്കുവാനാഗ്രഹിക്കുന്നവർക്ക് തന്റെ എല്ലാ കൗശലങ്ങളും തന്ത്രങ്ങളും അവൻ ഉപദേശിച്ചു കൊടുക്കുന്നു.

സാത്താന് യേശുവിന് ഈ ലോകത്തിന്റെ മഹത്വങ്ങൾ വാഗ്ദാനം ചെയ്തുവെങ്കിൽ നിങ്ങൾക്കും അവ വാഗ്ദാനം ചെയ്യുമെന്നു നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾ കൂടുതൽ പ്രായപൂർത്തിയിലേക്കു വളരുമ്പോൾ തനിക്കു വാഗാദാനം ചെയ്യുവാനുള്ള മറ്റു പല അദ്ഭുതകാര്യങ്ങളെപ്പറ്റിയും അവൻ നിങ്ങളോടു സംസാരിക്കും. വ്യാജമായ പ്രസ്താവനകൾ എഴുതി ഒപ്പു വയ്ക്കുന്നവരും സാമ്പത്തികകാര്യങ്ങളിൽ അനീതി കാണിക്കുന്നവരും നേരുകെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമായ ആളുകളുണ്ട്. കുറച്ചുകൂടെ പണം സമ്പാദിക്കുവാനും അല്പംകൂടെ ജനപ്രീതി നേടുവാനും ഈ ലോകത്തിൽ കുറെക്കൂടെ ഉയർന്ന പദവി കരസ്ഥമാക്കുവാനും വേണ്ടിയാണ് അവർ ഇതെല്ലാം ചെയ്യുന്നത്.

സാത്താൻ എല്ലായ്പ്പോഴും ആളുകളോട് ഇപ്രകാരം പറയാറുണ്ട്: "നിങ്ങൾക്ക് എന്താണ് വേണ്ടതെന്ന് എന്നോടു പറയുക. ഞാൻ അതു നിങ്ങൾക്കു തരാം". ഇത്തരം പ്രലോഭനങ്ങൾക്കു മുമ്പിൽ യേശുവിന് ഒരുത്തരമേ ഉണ്ടായിരുന്നുള്ളു. "നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ" (മത്തായി 4:10).

സാത്താന്റെ ഈ തന്ത്രങ്ങളെക്കുറിച്ചെല്ലാം നമുക്കു താക്കീതു നൽകുവാൻ ദൈവത്തിന്റെ വചനം നമുക്കുള്ളത് എത്ര അദ്ഭുതമാർന്ന കാര്യമാണ്! നിങ്ങളുടെ ചെറുപ്രായത്തിൽ ഈ കാര്യങ്ങൾ പഠിക്കുവാൻ സാധിക്കുന്ന നിങ്ങൾ എത്ര അനുഗൃഹീതർ!

ഈ ലോകത്തിന്റേതായ എന്തെങ്കിലും ലഭിക്കുന്നതിനുവേണ്ടി നിങ്ങൾ പരീക്ഷിക്കപ്പെടുകയും അതു ലഭിക്കുവാൻ വേണ്ടി നിങ്ങളുടെ സ്വഭാവശുദ്ധിയെ ബലികഴിക്കേണ്ടിവരുമെന്നു നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുമ്പോൾ നിങ്ങൾ എന്താണു ചെയ്യുക? യേശു സാത്താനോടു പറഞ്ഞ വാക്കുകൾ തന്നെ സാത്താനോടു പറയുകയും ചെയ്യുക.

ചിലപ്പോൾ സാത്താൻ ഇപ്രകാരം നിങ്ങളോടു പറയും: "ഇവിടെ നിങ്ങൾ നീതിമനായിരിക്കേണ്ട കാര്യമൊന്നുമില്ല. ഇവിടെ നിങ്ങൾ സത്യം പറയേണ്ട ആവശ്യമില്ല. ഒരു ചെറിയ കള്ളം പറഞ്ഞുകൊള്ളുക. അതു കൊണ്ട് ഈ ലോകത്തിന്റെ ചില കാര്യങ്ങൾ നേടുവാൻ നിങ്ങൾക്കു കഴിയും." ആ സന്ദർഭത്തിൽ അവനോട് ഇപ്രകാരം പറയുവാനുള്ള ധൈര്യം നിങ്ങൾക്കുണ്ടാവണം: "സാത്താനേ, എന്നെ വിട്ടു പോ; നിന്റെ വാക്കുകൾ ഞാൻ കേൾക്കുകയില്ല. ദൈവത്തെ മാത്രമേ ഞാൻ വീണു നമസ്കരിക്കാവൂ എന്ന് എഴുതിയിരിക്കുന്നു. ഇവിടെ ഞാൻ യേശുവിനെ പിന്തുടരും".

താൻ സൃഷ്ടിക്കപ്പെട്ട നാൾമുതൽ മറ്റുള്ളവർ തന്നെ നമസ്കരിക്കണമെന്ന് സാത്താൻ എന്നും ആഗ്രഹിക്കുന്നു. അതിനാലാണ് ദൈവത്തെപ്പോലെയാകുവാൻ അവൻ ആഗ്രഹിച്ചത്. ദൈവം മാത്രമേ ആരാധനായോഗ്യനായിട്ടുള്ളുവെന്ന് അവന് അറിയാമായിരുന്നു. മറ്റു ദൂതന്മാർ തന്നെ ആരാധിക്കണമെന്ന് അവൻ ആഗ്രഹിച്ചു. അദ്ഭുതമെന്നു പറയട്ടെ, യേശു പോലും തന്നെ ആരാധിക്കുവാൻ അവൻ കൊതിച്ചു!

യേശുവിന്റെ മുമ്പിൽ സാത്താനു വിജയിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ഇന്നു ലോകത്തിൽ അനേകമാളുകളുടെ മുമ്പിലും അവന് വിജയം ലഭിക്കുന്നു. തങ്ങൾക്കു ചില ഭൗതികലാഭങ്ങൾ നേടുവാനാഗ്രഹിച്ച് അതിനുവേണ്ടി തങ്ങളുടെ വിശ്വാസസത്യങ്ങളെ അടിയറവയ്ക്കുവാൻ സന്നദ്ധരായ ഒട്ടനേകം വിശ്വാസിക

ളുട മുമ്പിൽപ്പോലും അവന് വിജയം ലഭിക്കുന്നുണ്ട്.

ഇന്ന് സാത്താനു മുമ്പിൽ മുട്ടുകുത്തുന്ന ലക്ഷക്കണക്കിനാളുകൾ ഉണ്ട്. അവർ പാപത്തിനു വഴങ്ങിക്കൊടുക്കുമ്പോൾ, അഥവാ തങ്ങളുടെ മനസ്സാക്ഷിക്കു വിരോധമായി പ്രവർത്തിക്കുമ്പോൾ, അവർ വാസ്തവത്തിൽ സാത്താന്റെ മുമ്പിൽ മുട്ടു മടക്കുകയാണെന്ന് അവർ മനസ്സിലാക്കുന്നില്ല. എന്തിനാണ് അവർ ഇപ്രകാരം ചെയ്യുന്നത്? ഈ ലോകമഹത്വത്തിന്റെ ഒരു ഭാഗം നേടുവാൻ വേണ്ടിത്തന്നെ.

നിങ്ങൾ വിജയത്തെയോ ജനപ്രീതിയെയോ അധികാരത്തെയോ ആഗ്രഹിക്കുമ്പോൾ – ഒരു പക്ഷേ ഒരു പരീക്ഷയിലുള്ള ജയം, സ്കൂളിലുള്ള ജനപ്രീതി, ലോകത്തിൽ ഒരു സ്ഥാനം ഇതൊക്കെയാവാം അത് – സാത്താൻ നിങ്ങളുടെ അടുക്കൽ വന്ന് ഇപ്രകാരം പറയും: “ഞാൻ അതു നിനക്കു തരാം: ഇക്കാര്യം നീ ചെയ്യുക. പോയി അപ്രകാരം പറയുക. ഈ വിധത്തിൽ പ്രവർത്തിക്കുക”.

ഇങ്ങനെ അവൻ അഭിപ്രായപ്പെടുന്നതെല്ലാം തെറ്റായ കാര്യങ്ങളാണെന്ന് നിങ്ങൾക്കു നല്ലവണ്ണം അറിയാം. എന്നിട്ടും നിങ്ങൾ മുന്നോട്ടു പോയി അതു ചെയ്യുന്നു. അങ്ങനെ നിങ്ങൾ സാത്താന്റെ മുമ്പിൽ മുട്ടുമടക്കുന്നു.

ഇപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുമ്പോഴും നിങ്ങൾക്കു നിങ്ങളെത്തന്നെ ഒരു ക്രിസ്ത്യാനിയെന്നു വിളിക്കാമെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഒരിക്കലും അതു സാധ്യമല്ല. സാത്താന്റെ മുമ്പിൽ മുട്ടു മടക്കുന്ന ഒരുവനും ക്രിസ്ത്യാനിയല്ല.

അപ്പോൾ കഴിഞ്ഞുപോയ വർഷങ്ങളിൽ നാം സാത്താന്റെ മുമ്പിൽ മുട്ടുമടക്കിയിട്ടുണ്ടെങ്കിൽ ഇപ്പോൾ എന്താണ് നാം ചെയ്യേണ്ടത്? നാം അപ്രകാരം ചെയ്ത എല്ലാ സന്ദർഭങ്ങളെപ്പറ്റി ഇപ്പോൾ നാം പശ്ചാത്തപിക്കണം. നാം വഞ്ചിച്ചെടുക്കുകയോ തെറ്റായ വിധം നേടുകയോ ചെയ്ത സകലവും തിരിയെക്കൊടുക്കണം. അനന്തരം നമ്മോടു ക്ഷമിക്കുവാനും നമ്മെ കഴുകിശുദ്ധീകരിക്കുവാനും യേശുവിനോടപേക്ഷിക്കണം.

സാത്താനു മേലാൽ നമ്മുടെ ജീവിതങ്ങളുടെമേൽ അധികാരമുണ്ടാകാതിരിക്കുമാറ് നമുക്കു ഉടനടി ഈ കാര്യങ്ങൾ ചെയ്യാം.

# അധ്യായം ആറ്
# സാത്താന്റെ പരാജയം

സാത്താന്റെ പരാജയത്തെപ്പറ്റി ഇപ്പോൾ ചില കാര്യങ്ങൾ നിങ്ങളോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ ഭൂമിയിൽ നടന്ന ഏറ്റവും വലിയ യുദ്ധത്തെപ്പറ്റി ഈ ലോകത്തിലെ ചരിത്രഗ്രന്ഥങ്ങളിലെങ്ങും എഴുതിയിട്ടില്ല. കാൽവറിയിലാണ് ആ യുദ്ധം നടന്നത്. അവിടെവച്ച് യേശു ഈ ലോകത്തിന്റെ പ്രഭുവായ സാത്താനെ തോൽപിച്ചു.

നിങ്ങളുടെ മുഴുവൻ ജീവിതത്തിലും ഒരിക്കലും നിങ്ങൾക്കു മറക്കാൻ പാടില്ലാത്ത ഒരു വേദഭാഗം എബ്രായർ 2:14,15 വാക്യങ്ങളാണ്. ഈ വാക്യങ്ങൾ നിങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കുന്നത് സാത്താൻ തീർച്ചയായും ഇഷ്ടപ്പെടുകയില്ലെന്ന് എനിക്കുറപ്പുണ്ട്. താന്താങ്ങളുടെ തോൽവിയെപ്പറ്റി കേൾക്കുവാൻ ആർക്കും ഇഷ്ടമില്ലല്ലോ. സാത്താനും ഈ നിയമത്തിന് ഒരപവാദമല്ല. ആ വാക്യങ്ങൾ ഇപ്രകാരമാണ്:

“മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ നീക്കി ജീവപര്യന്ത്യം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു.”

യേശു മരിച്ചപ്പോൾ അവിടുന്നു സാത്താനെ ശക്തിയറ്റവനാക്കിത്തീർത്തു. എന്തിനുവേണ്ടി? നാം സാത്താനിൽനിന്നു സ്വതന്ത്രരായിത്തീരുവാൻവേണ്ടി. അതു മാത്രമല്ല, ജീവിതകാലം മുഴുവൻ സാത്താൻ നമ്മുടെ മേൽ വച്ചിട്ടുള്ള ഭയമെന്ന അടിമനുകത്തിൽനിന്നും നാം സ്വാതന്ത്ര്യം പ്രാപിക്കുവാൻവേണ്ടി രോഗഭയം, ദാരിദ്ര്യഭയം, പരാജയഭയം, മനുഷ്യഭയം, ഭാവിഭയം എന്നിങ്ങനെ ഈ ലോകജനതയെ അടിമകളാക്കിയിട്ടുള്ള പലതരം ഭയങ്ങളുണ്ട്. എങ്കിലും എല്ലാ ഭയങ്ങളിലും ഏറ്റവും വലുത് മരണഭയം തന്നെയാണ്. മറ്റെല്ലാ ഭയങ്ങളും അതിനെക്കാൾ താഴെ മാത്രമാണ്.

മരണഭയം, മരണാനന്തരം നമുക്കെന്തു സംഭവിക്കുമെന്ന ഭയത്തിലേക്കു നമ്മെ നയിക്കുന്നതാണ്. പാപത്തിൽ ജീവിക്കുന്നവർ അന്തിമമായ മരണത്തിലെത്തിച്ചേരുമെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. മാനസാന്തരപ്പെടാത്തവർക്കായി ദൈവം നിശ്ചയിച്ചിട്ടുള്ള സ്ഥലമാണ് നരകം.

സാത്താനും ഈ ലോകത്തിൽവച്ച് താൻ വഞ്ചിച്ച് പാപത്തിലേക്കു നയിച്ച എല്ലാവരോടുമൊപ്പം അവിടെയുള്ള തീപ്പൊയ്കയിൽ നിത്യകാലം കഴിക്കേണ്ടിവരും.

നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള ഈ ശിക്ഷാവിധി നീക്കി നമ്മെ നിത്യനരകത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി യേശു ലോകത്തിൽ വന്നു. അവിടുന്നു നമ്മുടെമേലുള്ള സാത്താന്റെ അധികാരത്തെ നീക്കിക്കളഞ്ഞു. അതിനാൽ ഇനിമേൽ നമുക്കു ദോഷം ചെയ്യുവാൻ സാത്താനു സാധ്യമല്ല.

നിങ്ങളുടെ ജീവിതകാലം മുഴുവൻ നിങ്ങൾ ഈ സത്യം അറിഞ്ഞിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ദൈവം സാത്താനെതിരായി എപ്പോഴും നിങ്ങളുടെ പക്ഷത്ത് ഉണ്ടായിരിക്കും.

എനിക്കു വളരെയധികം ധൈര്യവും ആശ്വാസവും വിജയവും പകർന്നുതന്നിട്ടുള്ള മഹത്വകരമായ ഒരു സത്യമാണിത്. അതിനാൽ ലോകത്തിലെല്ലായിടത്തും പോയി എല്ലാ വിശ്വാസികളോടും ഈ സത്യത്തെപ്പറ്റി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തുനിൽപ്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും" എന്നു ബൈബിൾ പറയുന്നു (യാക്കോബ് 4:7). യേശുവിന്റെ നാമത്തിങ്കൽ സാത്താൻ എപ്പോഴും ഓടിയൊളിക്കും.

മിക്ക ക്രിസ്ത്യാനികളുടെയും മനസ്സിനുമുമ്പിലുള്ള ചിത്രം സാത്താൻ അവരെ പിന്തുടരുകയും അവർ അവനെവിട്ടു ജീവഭയത്തോടെ ഓടുകയും ചെയ്യുന്ന ചിത്രമാണ്. എന്നാൽ ഇത് ബൈബിൾ പഠിപ്പിക്കുന്ന സത്യത്തിനു കടകവിരുദ്ധമാണ്.

നിങ്ങൾക്കെന്തു തോന്നുന്നു? സാത്താൻ യേശുവിനെ ഭയപ്പെടുന്നുവോ ഇല്ലയോ? നമ്മുടെ രക്ഷകന്റെ മുമ്പിൽ നിൽക്കുവാൻ സാത്താൻ എപ്പോഴും ഭയപ്പെട്ടിരുന്നുവെന്ന് നമുക്കെല്ലാം അറിയാം. യേശു ലോകത്തിന്റെ വെളിച്ചമാണ്. അന്ധകാരത്തിന്റെ അധിപതി അവിടുത്തെ മുമ്പിൽ നിൽക്കാതെ ഓടിയൊളിക്കും.

എന്റെ പ്രിയ സ്നേഹിതരേ, നിങ്ങളോടു ഞാൻ പറയട്ടെ. സാത്താനെതിരേ യേശുവിന്റെ നാമം ദൈവികമായ അധികാരത്തോടെ ഉപയോഗിക്കുന്ന ഏതൊരാളിനെയും സാത്താൻ ഇപ്രകാരം തന്നെ ഭയപ്പെടുന്നു.

സാത്താൻ സ്വർഗ്ഗത്തിൽനിന്നു വീണ കാഴ്ച താൻ കണ്ടതിനെപ്പറ്റി യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ട്. ദൈവം സാത്താനെ പുറത്താക്കിയപ്പോൾ അവന്റെ വീഴ്ച ഒരു മിന്നൽപോലെയായിരുന്നുവെന്നും ആ ഭാഗത്തു കർത്താവു പറയുകയുണ്ടായി (ലൂക്കോസ് 10:18). യേശു മരുഭൂമിയിൽവച്ച് "സാത്താനേ, എന്നെ വിട്ടു പോ" എന്ന് അവനോട് പറഞ്ഞപ്പോൾ അവൻ മിന്നൽവേഗത്തിൽ യേശുവിന്റെ മുമ്പിൽനിന്നു മറഞ്ഞുപോയി. ഇന്നും നാം യേശുവിന്റെ നാമത്തിൽ സാത്താനെ എതിർക്കുമ്പോൾ അവൻ നമ്മുടെ മുമ്പിൽനിന്നു പ്രകാശവേഗത്തിൽ ഓടിയൊളിക്കും. ഇരുട്ട് എപ്പോഴും വെളിച്ചത്തിന്റെ മുമ്പിൽനിന്നു ഓടിയൊളിക്കുന്നു.

യേശുവിന്റെ നാമത്തെ സാത്താൻ ഭയപ്പെടുന്നു. യേശു കർത്താവ് അഥവാ സർവാധിപതിയാണെന്നും അവിടുന്നു സാത്താനെ തോൽപിച്ചുവെന്നും അവനെ ഓർപ്പിക്കുന്നത് അവനു വെറുപ്പാണ്. പിശാചു ബാധിച്ച ആളുകൾ യേശു കർത്താവാണെന്നോ അവിടുന്നു ക്രൂശിൽവച്ചു സാത്താനെ തോൽപിച്ചുവെന്നോ ഏറ്റുപറകയില്ലെന്നുള്ള വസ്തുത ഞാൻ കണ്ടെത്തിയിട്ടുണ്ട്

ഏതൊരു പിശാചിനെയും പുറത്താക്കുവാനും സാത്താനെ നിങ്ങളുടെ മുമ്പിൽനിന്ന് മിന്നൽവേഗത്തിൽ ഓടിക്കുവാനുള്ള ശക്തി യേശുവിന്റെ നാമത്തിനുണ്ട്. ഇക്കാര്യം ഒരിക്കലും നിങ്ങൾ മറക്കരുത്.

യുവാക്കളായ നിങ്ങളോട് ഇക്കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ എപ്പോഴെങ്കിലും നിങ്ങൾ ഒരു വൈഷമ്യത്തിലകപ്പെടുമ്പോൾ, അഥവാ കടക്കാനസാധ്യമായ ഒരു പ്രശ്നത്തെ നേരിടുമ്പോൾ, അഥവാ മാനുഷികമായി ഉത്തരം കണ്ടെത്താനാവാത്ത എന്തിനെയെങ്കിലും അഭിമുഖീകരിക്കുമ്പോൾ കർത്താവായ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുക. "കർത്താവായ യേശുവേ, അങ്ങ് സാത്താനെതിരേ എന്റെ പക്ഷത്തുണ്ട്. ഇപ്പോൾ എന്നെ സഹായിക്കണമേ" എന്ന് അവിടുത്തോട് പറയുക. അനന്തരം സാത്താന്റെ നേരെ തിരിഞ്ഞു അവനോട് "സാത്താനേ, യേശുവിന്റെ നാമത്തിൽ ഞാൻ നിന്നെ എതിർക്കുന്നു" എന്നു പറയുക. സാത്താൻ ഉടൻ തന്നെ നിങ്ങളെ വിട്ട് ഓടിപ്പോകുമെന്ന് നിങ്ങളോടു പറയുവാൻ ഞാനാഗ്രഹിക്കുന്നു. കാരണം, യേശു ക്രൂശിന്മേൽ അവനെ തോൽപിച്ചു. നിങ്ങൾ ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കുകയും യേശുവിന്റെ നാമത്തിൽ അവനെ എതിർക്കുകയും ചെയ്യുമ്പോൾ നിങ്ങൾക്കെതിരേ സാത്താൻ ശക്തിഹീനനത്രേ.

തന്റെ പരാജയത്തെപ്പറ്റി നിങ്ങൾ അറിയണമെന്നു സാത്താൻ ആഗ്രഹിക്കുന്നില്ല. അതിനെപ്പറ്റി ഇത്രയും കാലം നിങ്ങൾ അറിയുന്നത് അവൻ തടഞ്ഞുവച്ചതും ഈ കാരണത്താലാണ്. തന്റെ പരാജയത്തെപ്പറ്റി പ്രസംഗിക്കുവാൻ സമ്മതിക്കാതെ മിക്ക പ്രസംഗകരെയും അവൻ തടഞ്ഞിട്ടുള്ളതും ഇതുകൊണ്ടു തന്നെ.

സാത്താനെ ഒരിക്കലായും എന്നേക്കുമായും യേശുക്രിസ്തു ക്രൂശിന്മേൽ തോൽപിച്ചുവെന്ന വസ്തുത വ്യക്തമായിത്തന്നെ നിങ്ങൾ അറിഞ്ഞിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇനിയൊരിക്കലും നിങ്ങൾ സാത്താനെ ഭയപ്പെടേണ്ടതില്ല. നിങ്ങളെ ഉപദ്രവിക്കുവാൻ അവനു സാധ്യമല്ല. നിങ്ങൾക്കു ദോഷം ചെയ്‌വാനും അവനു കഴിവില്ല. അവൻ നിങ്ങളെ പരീക്ഷിച്ചേക്കാം, എതിർത്തേക്കാം. എങ്കിലും നിങ്ങൾ സ്വയം താഴ്ത്തുകയും ദൈവത്തിനു കീഴടങ്ങുകയും എല്ലായ്പ്പോഴും അവിടുത്തെ വെളിച്ചത്തിൽ നടക്കുകയും ചെയ്യുമെങ്കിൽ, ക്രിസ്തുവിലുള്ള ദൈവകൃപ നിങ്ങൾക്ക് അവന്റെ മേൽ എപ്പോഴും വിജയം നൽകും. വെളിച്ചത്തിൽ ഒരു മഹത്തായ ശക്തിയുണ്ട്. ഇരുട്ടിന്റെ അധിപതിയായ സാത്താന് ഒരിക്കലും വെളിച്ചത്തിന്റെ മണ്ഡലത്തിലേക്കു കടക്കുവാൻ സാധ്യമല്ല.

ഇന്നു പല വിശ്വാസികളുടെയും മേൽ സാത്താന് അധികാരം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അവർ ഇരുട്ടിൽ നടക്കുന്നതോ ഏതെങ്കിലും രഹസ്യപാപം അവരിൽ കുടികൊള്ളുന്നതോ മറ്റുള്ളവരോടു ക്ഷമിക്കാത്തതോ ഏതെങ്കിലും ആളെക്കുറിച്ച് അസൂയപ്പെടുന്നതോ തങ്ങളുടെ ജീവിതത്തിൽ രഹസ്യമായി ഏതെങ്കിലും സ്വാർത്ഥപരമായ ആഗ്രഹത്തെ പിന്തുടരുന്നതോ മറ്റോ ആയിരിക്കണം. ഈ വിധത്തിലാണ് സാത്താൻ അവരുടെ മേൽ വാഴുന്നത്. അല്ലാത്തപക്ഷം അവരെ തൊടുവാൻ സാത്താന് കഴിവുണ്ടാകുന്നതല്ല.

ഈ ലോകമനുഷ്യർ അന്ധവിശ്വാസികളായിരിക്കുന്നതുപോലെ നിങ്ങൾ അന്ധവിശ്വാസികൾ ആകരുത്. ചിലയാളുകൾക്ക് ചില പ്രത്യേക ദിവസങ്ങളിൽ എന്തെങ്കിലും ആരംഭിക്കുവാൻ ഭയമാണ്. ഉദാഹരമായി ഏതെങ്കിലും വെള്ളിയാഴ്ച 13-ാം തീയതി ആയിരുന്നാൽ അതു ചിലർക്കു ഭയമുണ്ടാക്കുന്ന ദിവസമാണ്. ഒരു കറുത്ത പൂച്ച നിങ്ങളുടെ വഴിയിൽ വിലങ്ങനെ ചാടിയാൽ അതൊരു അശുഭലക്ഷണമായി ചിലർ കരുതുന്നു. ചിലർ അശുഭമുഹൂർത്തം ഏതാണെന്നു തിരിച്ചറിയുവാൻ തിഥിയും നക്ഷത്രനിലയും ഒക്കെ നോക്കുന്നു. അത്തരം അശുഭമുഹൂർത്തങ്ങളിൽ പ്രധാനകാര്യങ്ങളൊന്നും ചെയ്യാതിരിപ്പാൻ അവർ ശ്രദ്ധിക്കുന്നു.

അന്ധവിശ്വാസത്തിൽ അടിസ്ഥാനപ്പെട്ട ഇത്തരം ഭയങ്ങളെല്ലാം എവിടെനിന്നാണ് പുറപ്പെടുന്നത്? തീർച്ചയായും സാത്താനിൽനിന്നു തന്നെ. അപ്രകാരമുള്ള എല്ലാ ഭയങ്ങളിൽനിന്നും നമ്മെ വിടുവിക്കുവാനാണ് ക്രിസ്തു വന്നത്. ഈ ലോകത്തിൽ ഇപ്രകാരമുള്ള ഒന്നിനെക്കുറിച്ചും ഇനിയൊരിക്കലും നാം ഭയമുള്ളവരായിത്തീരരുത്. എല്ലാ അന്ധവിശ്വാസവും പിശാചിൽനിന്നു തന്നെ.

ഒരു ദിവസം യേശുക്രിസ്തു വരികയും അന്ന് സാത്താനെ ബന്ധിച്ച് അഗാധത്തിൽ തള്ളിയിടുകയും ചെയ്യും എന്ന് വെളിപ്പാടു പുസ്തകം പറയുന്നു. അനന്തരം അവിടുന്ന് 1000 വർഷക്കാലം ഈ ഭൂമയിൽ വാഴും. ആ കാലത്തിനുശേഷം അല്പകാലത്തേക്കു സാത്താനെ അഴിച്ചുവിടും. അവന്റെ ദീർഘകാലകാരാഗൃഹവാസത്തിനുശേഷവും അവന് ഒരു മാറ്റവും വന്നിട്ടില്ലെന്ന് എല്ലാവരും കാണേണ്ടതിനാണിത്. അനന്തരം അവൻ അവസാനപ്രാവശ്യം ഭൂമിയിലേക്കു പുറപ്പെട്ട് ആളുകളെ വഞ്ചിക്കും. യേശുവിന്റെ സഹസ്രാബ്ദവാഴ്ച നിരീക്ഷിച്ചശേഷവും ആദാമ്യ വർഗ്ഗത്തിന്റെ നില മാറിയിട്ടില്ലെന്നു അപ്പോൾ വെളിപ്പെടും.

അതിനുശേഷം ദൈവം സാത്താനെ ന്യായം വിധിക്കുവാൻ വരികയും അവനെ എന്നെന്നേക്കുമായി തീയ്പ്പൊയ്കയിൽ ഇട്ടുകളകയും ചെയ്യും. പാപത്തിൽ ജീവിക്കുകയും സാത്താന്റെ മുമ്പിൽ മുട്ടു മടക്കുകയും ദൈവവചനം അനുസരിക്കാതെ സാത്താനെ അനുസരിക്കുകയും ചെയ്ത എല്ലാവരും അവനോടൊപ്പം തീയ്പ്പൊയ്കയിൽ തള്ളപ്പെടും.

അതിനാലാണ് സാത്താന്റെ പരാജയത്തെക്കുറിച്ചുള്ള ഈ സുവിശേഷം ഞങ്ങൾ പ്രസംഗിക്കുന്നത്. ഒരു പക്ഷേ ഇന്നത്തെ പ്രത്യേക കാലഘട്ടത്തിൽ വിശ്വാസികൾ ശ്രദ്ധിക്കേണ്ട സർവപ്രധാനമായ സത്യമാണിത്.

എന്നാൽ വിശുദ്ധിയിൽ നടക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് സാത്താന്റെ മേൽ യാതൊരധികാരവും ഉണ്ടാവുകയില്ലെന്ന് ഓർത്തു കൊൾവിൻ. യേശുക്രിസ്തുവിന്റെ രക്തത്താൽ സാത്താന്റെ കുറ്റാരോപണങ്ങളെ ജയിക്കുവാൻ നിങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്ക് ഒരിക്കലും സാത്താന്റെ മേൽ അധികാരം ലഭിക്കുകയില്ല. നിങ്ങൾ ഈ ലോകത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ സാത്താന്റെ മീതേ നിങ്ങൾക്കു ശക്തിയുണ്ടാവുകയില്ല. എന്തെന്നാൽ സാത്താൻ ഈ ലോകത്തിന്റെ പ്രഭുവും അധിപതിയുമാണ്. ദൈവത്തെ നിങ്ങൾ സ്നേഹിക്കുന്നതിലുപരിയായി നിങ്ങൾ ഈ ലോകത്തിലുള്ള എന്തിനെയെങ്കിലും, ആരെയെങ്കിലും, സ്നേഹിക്കുന്നുവെങ്കിൽ, അപ്പോഴും സാത്താന്റെ ശക്തിയെ കീഴടക്കുവാൻ നിങ്ങൾക്കു കഴിവുണ്ടാകുയില്ല (12:11 നോക്കുക).

അതിനാൽ ചെറുപ്പക്കാരായ നിങ്ങളെ ഇക്കാര്യം നിർബ്ബന്ധമായി പ്രബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: കർത്താവായ യേശുക്രിസ്തുവിനെയും നിങ്ങളെക്കുറിച്ചുള്ള അവിടുത്തെ ഹിതത്തെയും പൂർണ്ണഹൃദയത്തോടും നിങ്ങളുടെ എല്ലാ ശക്തിയോടും കൂടെ സ്നേഹിക്കുവിൻ. ഏതെങ്കിലും വിധത്തിൽ പിശാചു നിങ്ങളുടെ മനസ്സുകളെ മലിനമാക്കുവാൻ അനുവദിക്കരുത്.

നിങ്ങളുടെ മനസ്സ് അശുദ്ധമാണെങ്കിൽ സാത്താനെതിരെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ഫലപ്രദമായി ഉപയോഗിക്കുവാൻ നിങ്ങൾക്കു കഴിവുണ്ടാകയില്ല. ദോഷത്തെ നീക്കിക്കളയുവാൻ ചിലർ ആവർത്തിച്ചു ജപിക്കാറുള്ള ഏതെങ്കിലും മന്ത്രത്തെപ്പോലെയുള്ള ഒന്നല്ല യേശുവിന്റെ നാമം. ഒരിക്കലുമല്ല. ഒന്നാമതായി നിങ്ങൾ ദൈവത്തിനു സ്വയം കീഴടങ്ങണം. അപ്പോൾ മാത്രമേ നിങ്ങൾ സാത്താനെ എതിർക്കുമ്പോൾ അവൻ ഓടിപ്പോവുകയുള്ളു. എന്നാൽ നിങ്ങളുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും നിങ്ങൾ ദൈവത്തിനു കീഴടങ്ങിക്കൊടുക്കുന്നില്ലെങ്കിൽ സാത്താൻ നിങ്ങളെ ഭയപ്പെടുകയില്ല.

അതിനാൽ നിങ്ങളുടെ ജീവിതത്തെ ഇപ്പോൾ തന്നെ ക്രിസ്തുവിനു സമ്പൂർണ്ണമായി ഏൽപിച്ചുകൊടുക്കുക. ഇപ്പോൾ മുതൽ പൂർണ്ണമായും അവിടുത്തേക്കുവേണ്ടി നിങ്ങൾ ജീവിക്കുമെന്നു തീരുമാനിക്കുകയും ചെയ്യുക.

നിങ്ങൾ ഇപ്പോൾ കേട്ട ദൈവവചനം നിങ്ങൾ അനുസരിച്ചതിനെപ്പറ്റി ഇന്നുമുതൽ ഇരുപതുവർഷം കഴിയുമ്പോൾ നിങ്ങൾ സന്തുഷ്ടരും നന്ദിയുള്ളവരുമായിത്തീരും. ഇക്കാര്യം ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു. ഒരു ദിവസം നിങ്ങൾ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുകയും നിങ്ങളുടെ ജീവിതത്തെപ്പറ്റി കണക്കു ബോധിപ്പിക്കുവാൻ നിങ്ങളോടാവശ്യപ്പെടുകയും ചെയ്യുമ്പോൾ ഇതിലുമധികം നിങ്ങൾ നന്ദിയുള്ളവനായിത്തീരും. തീർച്ച തന്നെ.

നിങ്ങളുടെ ജീവിതയാത്രയുടെ അന്തിമഘട്ടത്തിൽ നിങ്ങൾ എത്തിച്ചേരുമ്പോൾ നിങ്ങൾക്കു പശ്ചാത്തപിക്കുവാൻ ഇടയില്ലാത്തവിധം ജീവിക്കുവാന് ദൈവം നിങ്ങളെ സഹായിക്കട്ടെ. ആമേൻ.

കേൾക്കുവാൻ ചെവിയുള്ളവർ കേൾക്കട്ടെ.

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1 ഇളകാത്ത അടിസ്ഥാനം
2 ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന (എങ്ങനെ പ്രാർത്ഥിക്കണം?)
3 അദ്ഭുതസത്യങ്ങൾ
4 മുൻഗണന ഏതിന്?
5 സെക്സ്, പ്രേമം, വിവാഹം
6 ദൈവതേജസ്സിന്റെ പ്രതിഫലനം
7 ജയജീവിത രഹസ്യങ്ങൾ
8 ക്രിസ്തുവും തന്റെ സഭയും
9 ദൈവത്തിന്റെ അംഗീകാരം ശോധനകളിലൂടെ
10 പുതുവീഞ്ഞ് പുതിയ തുരുത്തിയിൽ
11 സമ്പൂർണ്ണ ജീവിതം (ഗിരിപ്രഭാഷണം – ഒരു പഠനം)
12 ദൈവഹിതം കണ്ടെത്തുക (അച്ചടിയിൽ)

## നിങ്ങൾക്കറിയാമോ

- സാത്താന്റെ ഉദ്ഭവമെന്താണെന്ന്?
- സാത്താന്റെ രീതികളെന്താണെന്ന്?
- സാത്താൻ വിശ്വാസികളെ ഏതുവിധമാണ് വഞ്ചിക്കുന്നതെന്ന്?
- ദൈവം തന്റെ ഉദ്ദേശ്യങ്ങൾക്കു വേണ്ടി സാത്താനെ എപ്രകാരം ഉപയോഗിക്കുന്നുവെന്ന്?
- നിങ്ങൾക്ക് എല്ലാ സമയത്തും സാത്താനെ എങ്ങനെ കീഴടക്കുമെന്ന്?
- ഇവയുടെ ഉത്തരങ്ങൾക്കായി ഈ പുസ്തകം വായിച്ചു നോക്കുക.